2026
MAY
30
SATURDAY

www.societytodaynews.com
# സൊസൈറ്റി ടുഡേ
SOCIETY TODAY e-paper




# ലീഗൽ മെട്രോളജി: പുതിയ രജിസ്ട്രേഷൻ അധിഷ്ഠിത ചട്ടക്കൂട് നടപ്പിലാക്കും

**ന്യൂഡൽഹി :** ലീഗൽ മെട്രോളി മേഖലയിൽ പുതിയ രജിസ്ട്രേഷൻ അധിഷ്ഠിത ചട്ടക്കൂട് നടപ്പിലാക്കുമെന്ന് ലീഗൽ മെട്രോളജി ആക്ട് (2009)ന് കീഴിൽ കൊണ്ടുവന്ന പരിഷ്കാരങ്ങളുടെ പുരോഗതി വിലയിരുത്തുന്നതിനായി ചേർന്ന കേരളം, ആന്ധ്രാപ്രദേശ്, കർണാടക, തമിഴ്നാട്, തെലങ്കാന എന്നീ ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളിലെയും പുതുച്ചേരി കേന്ദ്രഭരണ പ്രദേശത്തിലെയും ഉദ്യോഗസ്ഥരുടെ നേതൃത്വത്തിൽ ചേർന്ന കേന്ദ്ര ഉപഭോക്തൃ കാര്യ വകുപ്പ് യോഗത്തിൽ തീരുമാനം. ചെറിയ രീതിയിലുള്ള നടപടിക്രമ ലംഘനങ്ങളെ ക്രിമിനൽ കുറ്റമല്ലാതാക്കി മാറ്റുകയും പകരം പിഴവുകൾ തിരുത്താൻ അവസരം നൽകുന്ന 'ഇംപ്രൂവ്മെന്റ് നോട്ടീസുകൾ' ഏർപ്പെടുത്തലും. ഗവൺമെന്റ് അംഗീകൃത ടെസ്റ്റ് സെന്ററുകളുടെ എണ്ണം വർദ്ധിപ്പിക്കലും ലീഗൽ മെട്രോളജി സേവനങ്ങൾ പൂർണ്ണമായും ഡിജിറ്റൽ രൂപത്തിലാക്കലും. 'ലൈസൻസിംഗ്' സമ്പ്രദായത്തിൽ നിന്ന് 'രജിസ്ട്രേഷൻ' രീതിയിലേക്കുള്ള മാറ്റം പൂർണ്ണമായും വിശ്വാസത്തിലധിഷ്ഠിതവും ബിസിനസ്സ് സൗഹൃദപരവുമായ ഒരു നിയന്ത്രണ സംവിധാനത്തെ പ്രതിഫലിപ്പിക്കുന്നതാണെന്ന് സംസ്ഥാനങ്ങൾ ഉറപ്പുവരുത്തണമെന്ന് യോഗം ആവശ്യപ്പെട്ടു.

ആവശ്യമായ രേഖകൾ സമർപ്പിക്കുന്ന മുറയ്ക്ക്, അനാവശ്യമായ കാലതാമസമോ മുൻകൂർ പരിശോധനകളോ കൂടാതെ തന്നെ രജിസ്ട്രേഷൻ സ്വയമേവ അനുവദിക്കണമെന്നും യോഗം വ്യക്തമാക്കി. ജൻ വിശ്വാസ് പരിഷ്കാരങ്ങളുടെ ഭാഗമായി പുതുതായി അവതരിപ്പിച്ച 'ഇംപ്രൂവ്മെന്റ് നോട്ടീസ്' സംവിധാനത്തിന്റെ നടത്തിപ്പും വകുപ്പ് യോഗത്തിൽ അവലോകനം ചെയ്തു. ഈ പുതിയ വ്യവസ്ഥ അനുസരിച്ച്, ലീഗൽ മെട്രോളജി നിയമത്തിലെ നിർദ്ദിഷ്ട വകുപ്പുകൾ പ്രകാരം ആദ്യമായി ഉണ്ടാകുന്ന നടപടിക്രമ ലംഘനങ്ങൾക്ക്, ശിക്ഷാനടപടികളിലേക്ക് കടക്കുന്നതിന് മുൻപ് ഒരു 'ഇംപ്രൂവ്മെന്റ് നോട്ടീസ്' നൽകും.

നിയമങ്ങൾ സ്വമേധയാ പാലിക്കാൻ വ്യാപാരികളെ പ്രോത്സാഹിപ്പിക്കുക, നിയമനടപടികളും വ്യവഹാരങ്ങളും കുറയ്ക്കുക, ഉപഭോക്തൃ താൽപര്യങ്ങൾ സംരക്ഷിച്ചുകൊണ്ട തന്നെ ബിസിനസ്സ് അന്തരീക്ഷം കൂടുതൽ സുഗമമാക്കുക എന്നിവയാണ് ഈ പരിഷ്കാരത്തിലൂടെ ലക്ഷ്യമിടുന്നത്. ഗവൺമെന്റ് അംഗീകൃത ടെസ്റ്റ് സെന്ററുകൾ വ്യാപിപ്പിക്കും. ഭേദഗതി വരുത്തിയ ലീഗൽ മെട്രോളജി ചട്ടക്കൂടിന് അനുസൃതമായി, തങ്ങളുടെ എൻഫോഴ്സ്മെന്റ് ചട്ടങ്ങളിലും ജി.എ.ടി.സി ചട്ടങ്ങളിലും ആവശ്യമായ ഭേദഗതികൾ വരുത്തുന്നത് വേഗത്തിലാക്കാൻ സംസ്ഥാനങ്ങളോട് ആവശ്യപ്പെട്ടു. പുതുക്കിയ ചട്ടങ്ങളുടെ കരട് തയ്യാറാക്കലും അനുമതി നൽകലും അവസാന ഘട്ടത്തിലാണെന്നും, അവ ഉടൻ തന്നെ വിജ്ഞാപനം ചെയ്യുമെന്നും യോഗത്തിൽ പങ്കെടുത്ത സംസ്ഥാനങ്ങൾ അറിയിച്ചു. ജി.എ.ടി.സി ചട്ടങ്ങൾ എത്രയും വേഗം വിജ്ഞാപനം ചെയ്യാനും ഈ സംവിധാനത്തിന് കീഴിൽ വരുന്ന അളവുതൂക്ക ഉപകരണങ്ങളുടെ പരിധി വ്യാപിപ്പിക്കാനും സംസ്ഥാനങ്ങളോടും കേന്ദ്രഭരണ പ്രദേശങ്ങളോടും വകുപ്പ് ആവശ്യപ്പെട്ടു. ഇത് പരിശോധനാ സംവിധാനങ്ങൾ ശക്തമാക്കാനും, പരിശോധകരുടെ ലഭ്യത വർദ്ധിപ്പിക്കാനും, വ്യവസായങ്ങൾ, വ്യാപാരികൾ, ഉപഭോക്താക്കൾ എന്നിവർക്ക് വേഗത്തിലുള്ള സേവനം ഉറപ്പാക്കാനും സഹായിക്കുമെന്ന് വിലയിരുത്തപ്പെടുന്നു.

റദ്ദാക്കപ്പെട്ട പഴയ അളവു തൂക്കനിയമത്തിന് വിപരീതമായി, നിലവിലുള്ള ലീഗൽ മെട്രോളജി ആക്ട് (2009) അനുസരിച്ച് അളവുതൂക്ക ഉപകരണങ്ങളുടെ അന്തർസംസ്ഥാന പരിശോധനയ്ക്ക് വ്യവസ്ഥയില്ലെന്ന് യോഗത്തിൽ വ്യക്തമാക്കി. അതനുസരിച്ച്, കേന്ദ്ര ലീഗൽ മെട്രോളജി ഡയറക്ടർ അംഗീകാരം നൽകിയിട്ടുള്ള ഗവൺമെന്റ് അംഗീകൃത ടെസ്റ്റ് സെന്ററുകൾക്ക്, ഏത് സംസ്ഥാനത്താണോ കേന്ദ്രഭരണ പ്രദേശത്താണോ അനുമതി ലഭിച്ചിട്ടുള്ളത്, അവിടെ മാത്രമേ പരിശോധനകളും പുനഃപരിശോധനകളും നടത്താൻ അധികാരമുണ്ടായിരിക്കുകയുള്ളൂ. ഈ നിയമസംവിധാനം രാജ്യത്തുടനീളം ഒരേ രീതിയിൽ നടപ്പിലാക്കുന്നതിനും ജി.എ.ടി.സികളുടെ അധികാര പരിധി സംബന്ധിച്ച ആശയക്കുഴപ്പങ്ങൾ ഒഴിവാക്കുന്നതിനുമാണ് ഈ വ്യക്തത വരുത്തിയത്. പരിഷ്കാരങ്ങൾ ഫലപ്രദമായി നടപ്പിലാക്കുന്നതിനും സാങ്കേതിക ശേഷി ശക്തിപ്പെടുത്തുന്നതിനുമായി, റാഞ്ചിയിലെ ഇന്ത്യൻ ഇൻസ്റ്റിറ്റിയൂട്ട് ഓഫ് ലീഗൽ മെട്രോളജി മുഖേന ലീഗൽ മെട്രോളജി ഓഫീസർമാർക്കായി പരിശീലന പരിപാടികൾ സംഘടിപ്പിക്കുമെന്ന് വകുപ്പ് അറിയിച്ചു.

## 'ഗ്രാമ വണ്ടി' വ്യാപകമാക്കാനൊരുങ്ങി കെ.എസ്.ആർ.ടി.സി

**തിരുവനന്തപുരം:** ഗ്രാമപ്രദേശങ്ങളിലെ പൊതുഗതാഗത സൗകര്യം ശക്തിപ്പെടുത്തുന്നതിനായി 'ഗ്രാമ വണ്ടി' പദ്ധതി കൂടുതൽ വ്യാപകമാക്കാൻ തീരുമാനം. ഗതാഗത വകുപ്പ് മന്ത്രി സി.പി ജോണിന്റെ അധ്യക്ഷതയിൽ ചേർന്ന കെഎസ്ആർടിസി സി.എം.ഡി യുടെയും ഉന്നത ഉദ്യോഗസ്ഥരുടെയും യോഗത്തിലാണ് തീരുമാനം. കെഎസ്ആർടിസിയുടെ സാമ്പത്തിക സ്ഥിതി, ദൈനംദിന പ്രവർത്തനങ്ങൾ, നവീകരണ സാധ്യതകൾ എന്നിവ പഠിക്കുന്നതിനായി വിദഗ്ധരെ ഉൾപ്പെടുത്തി പ്രത്യേക റിസർച്ച് വിംഗ് ആരംഭിക്കും. ശബരിമല മണ്ഡലകാല സർവീസുകൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിനായി മോട്ടോർ വാഹന വകുപ്പുമായി സഹകരിച്ച് മുന്നൊരുക്ക പ്രവർത്തനങ്ങൾ ആരംഭിക്കും. ഹൈഡ്രജൻ ഉൾപ്പെടെയുള്ള ഹരിത ഇന്ധന സാങ്കേതികവിദ്യകൾ ഉപയോഗിച്ചുള്ള പരിസ്ഥിതി സൗഹൃദ പൊതുഗതാഗത സംവിധാനം ഘട്ടംഘട്ടമായി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കും. കെഎസ്ആർടിസിയിലെ ആശ്രിത നിയമനത്തിനായി ഗുണഭോക്താക്കൾ ഗതാഗത വകുപ്പ് മന്ത്രിക്ക് സമർപ്പിച്ച നിവേദനങ്ങളുടെ അടിസ്ഥാനത്തിൽ, ആശ്രിത നിയമന നടപടികൾ സ്വീകരിക്കുന്നതിന് മന്ത്രി നിർദേശം നൽകി. കെഎസ്ആർടിസിയിലെ ഒഴിവുകളിലേക്ക് പി.എസ്.സി മുഖേന നിയമന നടപടികൾ ആരംഭിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കാനും തീരുമാനിച്ചു. ജനകീയവും ആധുനികവുമായ പൊതുഗതാഗത സംവിധാനമായി കെഎസ്ആർടിസിയെ മാറ്റിയെടുക്കുന്നതിനുള്ള സമഗ്ര നടപടികളാണ് സർക്കാർ സ്വീകരിച്ചുവരുന്നതെന്ന് ഗതാഗത വകുപ്പ് മന്ത്രി അറിയിച്ചു.

# എഐ പാഠ്യപദ്ധതി: സമഗ്രപരിഷ്ക്കരണവുമായി കേന്ദ്രം

**ന്യൂഡൽഹി:** മാറിക്കൊണ്ടിരിക്കുന്ന ആഗോള സാങ്കേതിക പ്രവണതകൾക്ക് അനുസൃതമായി രാജ്യത്തെ വിദ്യാർത്ഥികളെ പ്രാപ്തരാക്കുന്നതിനായി, നിർമ്മിത ബുദ്ധി പാഠ്യപദ്ധതി സമഗ്രമായി പരിഷ്കരിക്കാൻ കേന്ദ്ര ഗവണ്മെന്റ് ഒരുങ്ങുന്നു. ഇതിന്റെ ഭാഗമായി കേന്ദ്ര ഇലക്ട്രോണിക്സ് ആന്റ് ഐടി മന്ത്രി അശ്വിനി വൈഷ്ണവ് ന്യൂഡൽഹിയിൽ രൂപീകരിച്ച 'എഐ കരിക്കുലം ടാസ്ക് ഫോഴ്സു'മായി ഉന്നതതല യോഗം ചേർന്നു. വ്യവസായ മേഖലയിലെ പ്രമുഖരുമായി സഹകരിച്ചാണ് സർക്കാർ പദ്ധതിക്ക് രൂപം നൽകുന്നത്. രാജ്യത്തെ വിവിധ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിലവിലുള്ള ബാച്ചിലർ ഓഫ് ടെക്നോളജി, കമ്പ്യൂട്ടർ സയൻസ്, മറ്റ് അനുബന്ധ കോഴ്സുകൾ എന്നിവയുടെ പാഠ്യപദ്ധതിയെക്കുറിച്ച് ടാസ്ക് ഫോഴ്സ് പ്രാഥമിക പഠനം നടത്തിക്കഴിഞ്ഞു. ഐടി സംഘടനയായ നാസ്കോം, വ്യവസായ രംഗത്തെ മറ്റ് വിദഗ്ദ്ധർ എന്നിവരുമായി ചേർന്നാണ് ഈ പഠനം പൂർത്തിയാക്കിയത്.




ഇന്ത്യൻ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ എഐ പാഠ്യപദ്ധതി വിപുലീകരിക്കപ്പെട്ടിട്ടുണ്ടെന്ന് പഠനത്തിൽ വ്യക്തമാക്കുന്നുണ്ടെങ്കിലും, ചില പ്രധാന പോരായ്മകളും അത് ചൂണ്ടിക്കാണിക്കുന്നുണ്ട്. അധ്യാപന രീതി, അടിസ്ഥാന സൗകര്യങ്ങൾ, കൂടാതെ ജനറേറ്റീവ് എഐ, മെഷീൻ ലേണിംഗ് ഓപ്പറേഷൻസ്, ഫൗണ്ടേഷണൽ മോഡൽ ഡെവലപ്മെന്റ് തുടങ്ങിയ മേഖലകളിലെ പ്രായോഗിക പരിശീലനക്കുറവ് എന്നിവയിലാണ് പ്രധാനമായും പോരായ്മകൾ കണ്ടെത്തിയത്. ഈ പശ്ചാത്തലത്തിൽ ടാസ്ക് ഫോഴ്സ് പ്രധാനമായും ഊന്നൽ നൽകുന്നത് പ്രായോഗികാധിഷ്ഠിത അധ്യാപന രീതി പരമ്പരാഗത ലക്ചർ രീതികളിൽ നിന്ന് മാറി, ഒന്നാം സെമസ്റ്റർ മുതൽ തന്നെ വ്യവസായ മേഖലയിലെ യഥാർത്ഥ പ്രോജക്ടുകളെയും ഉദാഹരണങ്ങളെയും അടിസ്ഥാനമാക്കിയുള്ള പഠന രീതിയിലേക്ക് മാറുക. ക്രെഡിറ്റ് അധിഷ്ഠിത പാഠ്യപദ്ധതിയായ വ്യവസ്ഥാപിതമായ സെമസ്റ്റർ തിരിച്ചുള്ള ഘടനയിലൂടെ എഐ കോഴ്സുകളെ ഔദ്യോഗിക അക്കാദമിക് ക്രെഡിറ്റ് സമ്പ്രദായത്തിന്റെ ഭാഗമാക്കുക.

നിലവിലുള്ള 25 മുതൽ 30 ശതമാനം വരെ പ്രായോഗിക പരിശീലനം, ബിരുദത്തിന്റെ സ്വഭാവവും തിരഞ്ഞെടുക്കുന്ന സ്പെഷ്യലൈസേഷനും അനുസരിച്ച് 40 മുതൽ 75വരെ ശതമാനമായി ഉയർത്തുക. കാപ്സ്റ്റോൺ പ്രോജക്ടുകൾ, തുടക്കം മുതൽ ഒടുക്കം വരെയുള്ള എഐ പരിഹാര രൂപകൽപ്പന, ലോകോഡ്/നോകോഡ് ടൂളുകളുടെ ഉപയോഗം എന്നിവയിലൂടെ കോഴ്സിലുടനീളം വിദ്യാർത്ഥികൾക്ക് വ്യവസായ മേഖലയുമായി നേരിട്ടുള്ള പരിചയവും പ്രായോഗിക ജ്ഞാനവും ലഭ്യമാക്കുന്നു. എഐ,എഐ ഗവേണൻസ് എന്നിവ ഏതെങ്കിലും ഒരു പ്രത്യേക മൊഡ്യൂളിൽ ഒതുക്കാതെ, എല്ലാ സെമസ്റ്ററുകളിലും പാഠ്യപദ്ധതിയുടെ ഭാഗമായി തുടർച്ചയായി ഉൾപ്പെടുത്തിയിരിക്കുന്നു. വിദ്യാർത്ഥികൾക്ക് അവരുടെ സൗകര്യത്തിനനുസരിച്ച് പഠനം നിർത്താനും തുടരാനുമുള്ള ഫ്ളെക്സിബിൾ പാത. ഒന്നാം വർഷത്തിന് ശേഷം 'സർട്ടിഫിക്കറ്റും', രണ്ടാം വർഷത്തിന് ശേഷം 'ഡിപ്ലോമയും', മൂന്നാം വർഷത്തിന് ശേഷം 'അഡ്വാൻസ്ഡ് ഡിപ്ലോമയും' ഇതിലൂടെ സ്വന്തമാക്കാം. പാഠ്യപദ്ധതി പരിഷ്കരണത്തിനൊപ്പം അധ്യാപകരുടെ സന്നദ്ധതയും ഉറപ്പാക്കേണ്ടതുണ്ട് എന്ന് തിരിച്ചറിഞ്ഞുകൊണ്ട്, നിർദ്ദിഷ്ട റോഡ്മാപ്പിന്റെ കേന്ദ്രബിന്ദുവായി അധ്യാപകരുടെ ശേഷി വർദ്ധിപ്പിക്കുന്നതിനെ ഈ കൺസൾട്ടേഷൻ മാറ്റി നിർത്തിയിരിക്കുന്നു. ക്രോഡീകരിച്ച കോഴ്സ് ഉള്ളടക്കങ്ങൾ, ഏകീകൃത വിലയിരുത്തൽ ചട്ടക്കൂടുകൾ. കൂടാതെ, നിലവിലെ വ്യവസായ ഉപകരണങ്ങൾക്കും പ്ലാറ്റ്ഫോമുകൾക്കും അനുസൃതമായി ആധുനികവൽക്കരിച്ച ലാബുകൾ.

പരിചയസമ്പന്നരായ വ്യവസായ പ്രൊഫഷണലുകളെ അഡ്ജങ്ക്റ്റ് ഫാക്കൽറ്റികളായി ഉൾപ്പെടുത്തുന്നതിനുള്ള പ്രത്യേക ഇടപെടലുകളും ശുപാർശ ചെയ്തിട്ടുണ്ട്. ദേശീയ തലത്തിൽ ഒരു പൊതുവായ എ ഐ അടിസ്ഥാന സൗകര്യം രൂപീകരിക്കാനും യോഗം നിർദ്ദേശിച്ചു. വ്യവസായ മേഖല, ഗവൺമെന്റ്, അക്കാദമിക് സ്ഥാപനങ്ങൾ എന്നിവർ സംയുക്തമായി പിന്തുണയ്ക്കുന്ന 'ട്രിപ്പിൾ ഹെലിക്സ് മാതൃക'ആയിരിക്കും ഇത്. കോളേജുകളിലും സർവ്വകലാശാലകളിലും ഗ്രാഫിക്സ് പ്രോസസിംഗ് യൂണിറ്റ് കമ്പ്യൂട്ട്, എഡ്ജ് ഡിവൈസുകൾ, സോഫ്റ്റ്വെയർ സ്റ്റാക്കുകൾ, സബ്സ്ക്രിപ്ഷൻ അടിസ്ഥാനമാക്കിയുള്ള പ്ലാറ്റ്ഫോമുകൾ എന്നിവ എല്ലാവർക്കും തുല്യമായി ലഭ്യമാക്കുന്നതും ഉൾപ്പെടുന്നു.

# സീറോമലബാർസഭ പ്രതിനിധി സംഘം മുഖ്യമന്ത്രിയെ സന്ദർശിച്ചു



**തിരുവനന്തപുരം:** സീറോമലബാർസഭയുടെ പ്രതിനിധി സംഘം മുഖ്യമന്ത്രി വി.ഡി. സതീശനെ സന്ദർശിച്ചു. ആർച്ചുബിഷപ്പ് മാർ ആൻഡ്രൂസ് താഴത്ത്, ആർച്ചു ബിഷപ്പ് മാർ ജോസഫ് പാമ്പ്ലാനി, ബിഷപ്പ് മാർ റെമജിയോസ് ഇഞ്ചനാനിയിൽ, ബിഷപ്പ് മാർ ജോസ് പുളിക്കൽ, സഭയുടെ പി. ആർ. ഒ. ഫാ. ഡോ. ടോം ഓലിക്കരോട്ട്, പബ്ലിക് അഫയേഴ്സ് കമ്മീഷൻ സെക്രട്ടറി ഫാ. ജെയിംസ് കൊക്കാവയലിൽ തിരുവനന്തപുരത്തെ സഭയുടെ ലയ്സൺ ഓഫീസർ ഫാ. ഡോ. ജോൺ തെക്കേക്കര കത്തോലിക്ക കോൺഗ്രസ് പ്രസിഡന്റ് രാജീവ് കൊച്ചുപറമ്പിൽ എന്നിവരാണ് പ്രതിനിധി സംഘത്തിൽ ഉണ്ടായിരുന്നത്.

സഭയും സമുദായവുമായി ബന്ധപ്പെട്ട് മുഖ്യമന്ത്രിയുടെ പരിഗണനയ്ക്കായുള്ള വിവിധ വിഷയങ്ങൾ അടങ്ങിയ മേജർ ആർച്ചുബിഷപ്പ് മാർ റാഫേൽ തട്ടിൽ പിതാവിന്റെ കത്ത് പ്രതിനിധി സംഘം മുഖ്യമന്ത്രിക്ക് കൈമാറി.

# ആഴക്കടലിലെ ആദ്യ പെൺകൂട്ടായ്മയ്ക്ക് കരുത്തേകി ഐസിഎആർ സിഐ എഫ് ടി

**തിരുവനന്തപുരം:** വെളിച്ചം എത്താത്ത ആഴക്കടലിനെ അറിയാനും ആഴക്കടലിലെ മീൻപിടുത്ത സാങ്കേതികവിദ്യകളെ കുറിച്ച് അറിയാനും വനിതകൾ. ഭാരതീയ കാർഷിക ഗവേഷണ കൗൺസിലിന്റെ കീഴിൽ പ്രവർത്തിക്കുന്ന കൊച്ചിയിലെ സിഫ്റ്റിൽ ഈ മാസം 25 മുതൽ 29 വരെ നടന്ന അഞ്ചുദിവസത്തെ ആഴക്കടൽ മത്സ്യബന്ധന പരിശീലന പരിപാടിയിലാണ് പുതുച്ചേരിയിൽ നിന്നും എത്തിയ നാലംഗ വനിതാ സംഗം പരിശീലനം നടത്തിയത്. പോണ്ടിച്ചേരിയിലെ സെങ്കശനീരമ്മൻ വനിതാ മത്സ്യത്തൊഴിലാളി സഹകരണ സംഘം, തിരുപ്പട്ടണം കടൽ വനിതാ മത്സ്യത്തൊഴിലാളി സഹകരണ സംഘം എന്നി സൊസൈറ്റിയിൽ നിന്നുള്ള കുപ്പമ്മ കലൈശെൽവി, കലൈമതി, പ്രീതി, ജയവാണി എന്നിവരാണ് പരിശീലനത്തിൽ പങ്കെടുത്തത്. സാധാരണയായി പുരുഷന്മാർ മാത്രം പോകാറുള്ള ആഴക്കടലിൽ പോകാനും മീൻ പിടുത്ത രീതികൾ കണ്ടു പഠിക്കാനും ഈ പരിശീലനം വളരെയധികം സഹായിച്ചതായി പ്രീതി പറഞ്ഞു. ശാസ്ത്രയമായി മത്സ്യത്തൊഴിലാളികളുടെ സുരക്ഷാ ഉറപ്പുവരുത്തികൊള്ള സുസ്ഥിര മൽസ്യബന്ധന രീതികൾ സ്വന്തം ബോട്ടുകളിൽ നടപ്പാക്കാൻ ഇതുവഴി കഴിയുമെന്നും അവർ വ്യക്തമാക്കി.

തീരദേശ മത്സ്യ സമ്പത്ത് കുറയുന്നതിന്റെയും നിലവിലുള്ള മത്സ്യസമ്പത്ത് നേരിടുന്ന സമ്മർദ്ദത്തിന്റെ സാഹചര്യത്തിൽ ആഴക്കടൽ മത്സ്യ വിഭവങ്ങളെ വേണ്ടരീതിയിൽ ഉപയോഗിക്കേണ്ടതിന്റെ ആവശ്യകത വർദ്ധിച്ചു വരുന്ന സാഹചര്യത്തിലാണ് ഭാരതീയ സഹകരണ വികസന കോർപ്പറേഷന്റെയും (എൻസിഡിസി) സിഫ്റ്റിന്റെയും സംയുക്ത സംരംഭമായി അഞ്ചുദിവസത്തെ പരിശീലന പരിപാടി സംഘടിപ്പിച്ചത്. മാർക്കറ്റിൽ ഡിമാൻഡ് ഉള്ള ആഴക്കടൽ ഇനങ്ങളായ ചൂര, കേര, ഓലപ്പുടവൻ തുടങ്ങിയ ഇനങ്ങളെ പിടിക്കാൻ ഉപയോഗിക്കുന്ന വലിയ കണ്ണി ഉടക്ക് വല ലോങ്ങ് ലൈൻ എന്നിവ ഉപയോഗിച്ചുള്ള പരിശീലനമാണ് നടന്നത് മത്സ്യ മൂല്യ വർദ്ധന ഉൽപ്പന്ന നിർമ്മാണം വിപണനം എന്നിവയിൽ വനിതാ സംരംഭകർക്ക് സിഫ്റ്റ് നിരവധി പരിശീലന പരിപാടികളും സഹായങ്ങളും നൽകിയിട്ടുണ്ടെങ്കിലും മത്സ്യബന്ധനത്തിൽ പ്രത്യേകിച്ച് ആഴക്കടൽ മേഖലയിൽ വനിതകൾക്ക് പരിശീലനം നൽകുന്നത് ആദ്യമായാണ് ഇത്തരമൊരു പരിശീലന പരിപാടി ഭാരതത്തിൽ തന്നെ ആദ്യമായാണ്.

# എം ഇ ആർ എഫ് ഇൻസ്റ്റിറ്റിയൂട്ട് ഓഫ് സ്പീച്ച് ആന്റ് ഹിയറിംഗ് പ്രവേശനം: അപേക്ഷ ക്ഷണിച്ചു

**കൊച്ചി:** ഓഡിയോളജിയിലും സ്പീച്ച് ലാംഗ്വേജ് പത്തോളജിയിലും മികച്ച തൊഴിൽ സാധ്യതകൾ വാഗ്ദാനം ചെയ്ത് 2026– 27 അധ്യയന വർഷത്തേക്ക് എം ഇ ആർ എഫ് ഇൻസ്റ്റിറ്റിയൂട്ട് ഓഫ് സ്പീച്ച് ആന്ഡ് ഹിയറിംഗ് അപേക്ഷ ക്ഷണിച്ചു. ബാച്ചിലർ ഇൻ ഓഡിയോളജി ആന്ഡ് സ്പീച്ച് ലാംഗ്വേജ് പാത്തോളജി, പോസ്റ്റ് ഗ്രാജുവേറ്റ് ഡിപ്ലോമ ഇൻ ഓഡിറ്ററി വെർബൽ തെറാപ്പി, എം എസ് സി സ്പീച്ച് ലാംഗ്വേജ് പാത്തോളജി, എം എസ് സി ഓഡിയോളജി, പി എച്ച് ഡി ഓഡിയോളജി, പി എച്ച് ഡി സ്പീച്ച് ലാംഗ്വേജ് പാത്തോളജി തുടങ്ങിയ കോഴ്സുകളിലേക്കാണ് അപേക്ഷ ക്ഷണിച്ചത്.

നാല് വർഷം ദൈർഘ്യമുള്ള ബാച്ചിലർ ഇൻ ഓഡിയോളജി ആൻഡ് സ്പീച്ച് ലാംഗ്വേജ് പാത്തോളജി കോഴ്സിൽ ഒരു വർഷത്തെ ഇന്റേൺഷിപ്പും ഉൾപ്പെടുന്നു. എം എസ് സി കോഴ്സുകൾക്ക് രണ്ട് വർഷവും പോസ്റ്റ് ഗ്രാജുവേറ്റ് ഡിപ്ലോമ ഇൻ ഓഡിറ്ററി വെർബൽ തെറാപ്പി കോഴ്സിന് പത്ത് മാസവുമാണ് ദൈർഘ്യം. അത്യാധുനിക സാങ്കേതിക സംവിധാനങ്ങളും പരിചയസമ്പന്നരായ അധ്യാപകരും ഉൾപ്പെട്ട മികച്ച അക്കാദമിക് അന്തരീക്ഷമാണ് എം ഇ ആർ എഫ് ഇൻസ്റ്റിറ്റിയൂട്ട് ഓഫ് സ്പീച്ച് ആന്റ് ഹിയറിംഗ് വിദ്യാർഥികൾക്ക് ഒരുക്കുന്നത്. റിഹാബിലിറ്റേഷൻ കൗൺസിൽ ഓഫ് ഇന്ത്യയുടെ അംഗീകാരമുള്ള കോഴ്സുകളാണ് ഇവ. തമിഴ്നാട് ഡോ. എം ജി ആർ മെഡിക്കൽ സർവകലാശാലയുമായി അഫിലിയേറ്റ് ചെയ്ത സ്ഥാപനമാണിത്. ബിരുദ ബിരുദാനന്തര ബിരുദങ്ങൾക്ക് ദേശീയ അന്തർദേശീയ തലങ്ങളിൽ അംഗീകാരമുണ്ട്.

സ്പീച്ച്ലാംഗ്വേജ് പാത്തോളജിസ്റ്റുകൾക്കും ഓഡിയോളജിസ്റ്റുകൾക്കും ഇന്ത്യയിലും വിദേശ രാജ്യങ്ങളിലുമായി വൻ തൊഴിൽ സാധ്യതകളാണുള്ളത്. ആശുപത്രികൾ, സ്വകാര്യ ക്ലിനിക്കുകൾ, പുനരധിവാസ കേന്ദ്രങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ഗവേഷണ മേഖലകൾ എന്നിവിടങ്ങളിൽ മികച്ച അവസരങ്ങളുണ്ട്. യു കെ, യു എസ്, കാനഡ, ഓസ്ട്രേലിയ, ന്യൂസിലൻഡ് തുടങ്ങിയ രാജ്യങ്ങളിലേക്കും വിദഗ്ധർക്ക് തൊഴിൽ സാധ്യതകൾ വ്യാപകമാണെന്ന് അധികൃതർ അറിയിച്ചു. കേൾവി സംസാര വൈകല്യങ്ങളുടെ ചികിത്സ, കോക്ലിയർ ഇംപ്ലാന്റ് സാങ്കേതികവിദ്യ, കേൾവി പുനഃസ്ഥാപന ശസ്ത്രക്രിയകൾ തുടങ്ങിയ മേഖലകളിൽ എം ഇ ആർ എഫ് രാജ്യത്തെ മുൻനിര സ്ഥാപനങ്ങളിലൊന്നാണ്. ലോകത്തെ പ്രമുഖ ഗവേഷണ സ്ഥാപനങ്ങളുമായി സഹകരിച്ചും അന്തർദേശീയ ഗവേഷണ പദ്ധതികളിൽ പങ്കെടുത്തും വിദ്യാർഥികൾക്ക് ആഗോള നിലവാരത്തിലുള്ള പരിശീലനവും പരിചയവും ലഭ്യമാക്കുന്നുവെന്നും സ്ഥാപനം അറിയിച്ചു.

## ഇന്നത്തെ പരിപാടി

### കൊച്ചി

- **എറണാകുളം സംഗീത തിയറ്റർ :** കൊച്ചി മെട്രോ ഫിലിം സൊസൈറ്റിയും ഇടപ്പള്ളി ചങ്ങമ്പുഴ സാംസ്കാരിക കേന്ദ്രവും ചേർന്ന് സംഘടിപ്പിക്കുന്ന ഇടപ്പള്ളി ചലച്ചിത്രോത്സവം രാവിലെ 10ന് സെല്ലുലോയ്ഡ്, വൈകിട്ട് 5ന് സെമിനാറും ഓപ്പൺ ഫോറവും മലയാളിയുടെ ഗൃഹാതുരത്വവും കമൽ സിനിമയുടെ ഭാവുകത്വവും: ഉദ്ഘാടനം വി കെ ജോസഫ്.
- **കണ്ണൻനായർ സ്മാരക സാംസ്കാരിക കേന്ദ്രം :** സിനിമാപ്രദർശനം – ചാരുലത വൈകിട്ട് 6ന്.
- **ഇടപ്പള്ളി ചങ്ങമ്പുഴ പാർക്ക് :** സിനിമാപ്രദർശനം– ഉള്ളടക്കം രാത്രി 7ന്.
- **മഹാകവി ജി ഓഡിറ്റോറിയം :** കേരള സാഹിത്യ പരിഷത്ത് ഗ്രന്ഥശാലയുടെ നേതൃത്വത്തിൽ മാധവിക്കുട്ടി ഒരോർമ സാഹിത്യ സംഗമം പകൽ 3ന് ശ്രീകുമാരി രാമചന്ദ്രൻ പ്രഭാഷണം നടത്തും.
- **എറണാകുളം പബ്ലിക് ലൈബ്രറി :** വനിതാ സാംസ്കാരിക വേദിയുടെ ആഭിമുഖ്യത്തിൽ വൈകിട്ട് 3.30ന് മാധവിക്കുട്ടിയുടെ രചനാലോകത്തെക്കുറിച്ചുള്ള ചർച്ച.
- **ഫൈൻ ആർട്സ് ഹാൾ :** കേരള ഫൈൻ ആർട്സ് സൊസൈറ്റിയുടെ നേതൃത്വത്തിൽ നായകൻ പ്രേംനസീറിന്റെ ജന്മശതാബ്ദി വാർഷികാചരണം വൈകിട്ട് 6.30ന്.
- **ഫോർട്ട്കൊച്ചി ഡേവിഡ് ഹാൾ ആർട്ട് ഗ്യാലറി :** ഇൻഡസ് ആർട്ട് സെന്റർ സംഘടിപ്പിക്കുന്ന എക്കോസ് ഓഫ് ലൂമിനൻസ് ചിത്രപ്രദർശനം രാവിലെ 10ന്.
- **എറണാകുളം ടിഡിഎം ഹാൾ :** ഓൾ കേരള ബാങ്ക് റിട്ടയറീസ് ഫെഡറേഷൻ 11–ാം സംസ്ഥാന സമ്മേളനം. രാവിലെ 10ന് എഐബിആർഎഫ് ദേശിയ ജനറൽ സെക്രട്ടറി എസ് സി ജെയിൻ പൊതുസമ്മേളനം ഉദ്ഘാടനം ചെയ്യും.
- **കൊച്ചി മുനിസിപ്പൽ കോർപ്പറേഷൻ കൗൺസിൽ ഹാൾ :** കൊച്ചി മുനിസിപ്പൽ കോർപ്പറേഷൻ കൗൺസിൽ യോഗം 2026 ഉച്ചയ്ക്ക് 2ന്

### തൃപ്പൂണിത്തുറ

- **നടമേൽ സെന്റ്. മേരീസ് യാക്കോബായ സുറിയാനി റോയൽ മെട്രോപ്പോളിറ്റൻ പള്ളി :** മോർ കൗമായുടെ തിരുശേഷിപ്പ് സ്ഥാപിത പെരുനാൾ–രാവിലെ 7.30ന് കുർബ്ബാന, തുടർന്ന് മോർ കൗമായോടുള്ള മദ്ധ്യസ്ഥ പ്രാർത്ഥന, വൈകിട്ട് 6ന് സന്ധ്യാനമസ്ക്കാരം.

### പറവൂർ

- **കടക്കര കവല സഹകരണ കാർഷിക സേവനകേന്ദ്രം :** പള്ളിയാക്കൽ സഹകരണ സ്വാശ്രയ സഹായ ഗ്രൂപ്പുകളുടെ 26–ാം വാർഷിക സമ്മേളനം രാവിലെ 10ന്.

# നേഴ്സിങ് ബിരുദദാനം നടന്നു



**കിഴക്കമ്പലം :** പഴങ്ങനാട് സമരിറ്റൻ നേഴ്സിങ്ങ് കോളജിൽ 20ാമത് ബാച്ചിന്റെ നേഴ്സിങ് ബിരുദദാന ചടങ്ങ് കോളജ് അങ്കണത്തിൽ നടന്നു.

സമരിറ്റൻ ഇൻസ്റ്റിറ്റിയൂഷൻ ഡയറക്ടർ സിസ്റ്റർ താരക എസ്.ഡി. അധ്യക്ഷത വഹിച്ച ചടങ്ങിൽ യൂറോ ടെക്ക് മറൈൻ അക്കാദമി പ്രിൻസിപ്പൽ ക്യാപ്റ്റൻ ബിജു വർഗ്ഗീസ് ഉദ്ഘാടനം ചെയ്തു. തലശ്ശേരി മലബാർ ക്യാൻസർ സെന്ററിലെ ഇൻസ്റ്റിറ്റിയൂട്ട് ഓഫ് നേഴ്സിങ്ങ് സയൻസ് ആന്റ് റിസർച്ച് സെന്റർ പ്രിൻസിപ്പൽ പ്രൊഫസർ രോഹിണി ടി . മുഖ്യ പ്രഭാഷണം നടത്തി.

ലൂർദ് ഹോസ്പിറ്റൽ അസോസിയേറ്റ് ഡയറക്ടർ ഫാ. വിമൽ ഫ്രാൻസിസ് അനുഗ്രഹ പ്രഭാഷണം നടത്തി. കോളജ് പ്രിൻസിപ്പൽ സി. ഇ.എൽ മേരി, ആശുപത്രി ഗൈനോക്കോളജി വിഭാഗം ഡയറക്ടർ മെറീന ജോർജ് സംസാരിച്ചു.

# 173,816 കണക്ഷനുകളുമായി കെഫോൺ

**തിരുവനന്തപുരം:** കേരളത്തിന്റെ ഡിജിറ്റൽ വികസന യാത്രയ്ക്ക് പിന്തുണയായി കേരള ഫൈബർ ഒപ്റ്റിക് നെറ്റ്‌വർക്ക് (കെഫോൺ). സംസ്ഥാനത്തുടനീളം 1.70 ലക്ഷത്തിലധികം കണക്ഷനുകളുമായി രണ്ട് ലക്ഷം എന്ന ലക്ഷ്യത്തിലേക്ക് കുതിക്കുന്ന കെഫോൺ, വീടുകളിൽ നിന്ന് പ്രമുഖ ഐ.ടി കേന്ദ്രങ്ങളിലേക്കും അതിവേഗ കണക്റ്റിവിറ്റി വ്യാപിപ്പിച്ച് കേരളത്തിന്റെ സാങ്കേതിക വളർച്ചയ്ക്ക് പുതിയ ദിശ നൽകുകയാണ്. സംസ്ഥാനത്തെ പ്രധാന ഐ.ടി ഹബ്ബുകളായ ഇൻഫോപാർക്കും ടെക്നോപാർക്കും ഉൾപ്പെടെ വിവിധ സാങ്കേതിക കേന്ദ്രങ്ങളിലേക്ക് കെഫോൺ ഹൈസ്പീഡ് ഇന്റർനെറ്റ് സേവനം വ്യാപിപ്പിച്ചിട്ടുണ്ടെന്ന് അധികൃതർ വ്യക്തമാക്കി. സ്റ്റാർട്ടപ്പുകൾ, ഐ.ടി കമ്പനികൾ, ഗവേഷണ സ്ഥാപനങ്ങൾ, ഡിജിറ്റൽ ഇന്നൊവേഷൻ സെന്ററുകൾ എന്നിവയ്ക്ക് ആവശ്യമായ സ്ഥിരതയാർന്ന കണക്റ്റിവിറ്റിയാണ് കെഫോൺ ഉറപ്പാക്കുന്നത്. വർധിച്ചുവരുന്ന ഡാറ്റ ആവശ്യങ്ങൾക്കും ഡിജിറ്റൽ പ്രവർത്തനങ്ങൾക്കും അനുയോജ്യമായ എന്റർ പ്രൈസ് സേവനങ്ങളും ശൃംഖലയുടെ ഭാഗമാണ്. ഐ.ടി മേഖലയിൽ മാത്രമല്ല, പൊതുസമൂഹത്തിലും കെഫോണിന്റെ സ്വാധീനം വ്യാപകമാണ്.

ഫൈബർ ടു ദി ഹോം (FTTH) സേവനങ്ങളിലൂടെ ഗ്രാമങ്ങളിലേക്കും സാധാരണ കുടുംബങ്ങളിലേക്കും അതിവേഗ ഇന്റർനെറ്റ് എത്തിക്കുന്നതോടെ ഓൺലൈൻ വിദ്യാഭ്യാസം, വർക്ക് ഫ്രം ഹോം, ഡിജിറ്റൽ ബാങ്കിംഗ്, ഇഗവണൻസ് സേവനങ്ങൾ എന്നിവ കൂടുതൽ പ്രാപ്യമാകുകയാണെന്നും കെഫോൺ അധികൃതർ വ്യക്തമാക്കി.

KFON
INTERNET - A BASIC RIGHT

# മാധ്യമ അവാർഡിന് അപേക്ഷ ക്ഷണിച്ചു


**കൊച്ചി:** സൈക്യാട്രിസ്റ്റുകളുടെ സംഘടനയായ ഇന്ത്യൻ സൈക്യാട്രിക് സൊസൈറ്റി കേരള ബ്രാഞ്ചിന്റെ ഈ വർഷത്തെ മാധ്യമ അവാർഡിന് എൻട്രി ക്ഷണിച്ചു. കേരളത്തിലെ മാനസികാരാഗ്യവുമായി ബന്ധപ്പെട്ട് 2025 ജൂലൈ 1 മുതൽ 2026 ജൂൺ 30 വരെ അച്ചടി ദൃശ്യ ശ്രവ്യ ഓൺലൈൻ മാധ്യമങ്ങളിൽ വന്ന ന്യൂസ് റിപ്പോർട്ട്, ഫീച്ചർ എന്നിവയ്ക്കാണ് അവാർഡ് നൽകുന്നത്. ഇരുപതിനായിരം രൂപയും പ്രശസ്തിപത്രവുമടങ്ങുന്നതാണ് അവാർഡ്. അപേക്ഷകൾ അവാർഡ് കമ്മിറ്റി ചെയർമാന് award-sipskerala@yahoo.com എന്ന ഇമെയിലിൽ അയക്കേണ്ടതാണ്. എൻട്രിയോടൊപ്പം എഡിറ്ററിന്റെ സാക്ഷ്യപത്രവും വെക്കണം.

അപേക്ഷകൾ സമർപ്പിക്കേണ്ട അവസാന തിയതി ജൂലൈ 15. ഓഗസ്റ്റ് 8ന് കൊച്ചി ഐഎംഎ ഹൗസിൽ നടക്കുന്ന ഇന്ത്യൻ സൈക്യാട്രിക് സൊസൈറ്റിയുടെ സംസ്ഥാന സമ്മേളനമായ സിപ്സ്കോൺ26 ന്റെ പൊതുചടങ്ങിൽ വച്ച് അവാർഡ് നൽകുമെന്ന് ഇന്ത്യൻ സൈക്യാട്രിക് സൊസൈറ്റി കേരള ബ്രാഞ്ച് ജനറൽ സെക്രട്ടറി ഡോ. അനീസ് അലി അറിയിച്ചു. വിശദവിവരങ്ങൾക്ക് www.Sipscon2026.in എന്ന വെബ്സൈറ്റ് സന്ദർശിക്കുക.

# കെ.വി.വി.ഇ.എസ് തമ്മനം : ഭാരവാഹികളെ തിരഞ്ഞെടുത്തു

**കൊച്ചി:** കേരള വ്യാപാരി വ്യവസായി ഏകോപന സമിതി തമ്മനം യൂണിറ്റിന്റെ 2026-2028 വർഷത്തേയ്ക്കുള്ള ഭാരവാഹികളായി കെ.ടി ജോയ് (പ്രസിഡന്റ്), കെ.ജി ജയചന്ദ്രൻ (ജനറൽ സെക്രട്ടറി), എം വാസുദേവ പൈ (ട്രഷറർ) എന്നിവരെ തിരഞ്ഞെടുത്തു.





*കേരള വ്യാപാരി വ്യവസായി ഏകോപന സമിതി തമ്മനം യൂണിറ്റ് ഭാരവാഹികളായി തെരഞ്ഞെടുക്കപ്പെട്ട കെ.ടി ജോയ് (പ്രസിഡന്റ്) കെ.ജി ജയചന്ദ്രൻ ( ജനറൽ സെക്രട്ടറി), വാസുദേവ പൈ (ട്രഷറർ എം.) എന്നിവർ.*

# സഹ്യസാനു പുരസ്കാര സമർപ്പണം ഇന്ന്

**കൊച്ചി:** പ്രൊഫ. എം കെ സാനു മാഷിന്റെ സ്മരണാർത്ഥം ഫേസ് ഫൗണ്ടേഷൻ ഏർപ്പെടുത്തിയ സഹ്യസാനു പുരസ്കാര സമർപ്പണം ഇന്ന് നടക്കും. ഉച്ചകഴിഞ്ഞ് 2.30 ന് എസ് എൻ വി സദനം ഓഡിറ്റോറിയത്തിൽ നടക്കുന്ന അവാർഡ് പ്രഖ്യാപനവും സാംസ്കാരിക സമ്മേളനവും ഹൈബി ഈഡൻ എം.പി ഉദ്ഘാടനം ചെയ്യും. ഫൗണ്ടേഷൻ ചെയർമാൻ ജസ്റ്റിസ് പി. എൻ രവീന്ദ്രൻ അധ്യക്ഷത വഹിക്കും. എസ്. രാജ്മോഹൻ നായർ പുരസ്ക്കാര സമർപ്പണം നടത്തും.

ചിത്രകാരൻ ആർട്ടിസ്റ്റ് കലാധരൻ മാസ്റ്ററെ ചടങ്ങിൽ ആദരിക്കും. സ്കൂൾ വിദ്യാർത്ഥികൾക്കായി സംസ്ഥാനതലത്തിൽ നടത്തിയ ചിത്രരചനാ മത്സരത്തിലെ ഒന്നാം സ്ഥാനം നേടുന്ന വിദ്യാർത്ഥിക്കാണ് സഹ്യസാനു പുരസ്കാരം നൽകുന്നത്. എറണാകുളം ചിൽഡ്രൻസ് പാർക്കിന്റെ സഹകരണത്തോടെയാണ് മത്സരം സംഘടിപ്പിക്കപ്പെട്ടത്.

# കൊച്ചിയുടെ സമഗ്ര വികസനം: ഒൻപത് മുൻഗണനാ പദ്ധതികളുടെ പ്രൊപ്പോസൽ മുഖ്യമന്ത്രിക്ക് കൈമാറി

**കൊച്ചി:** കൊച്ചി നഗരസഭയുടെ സുസ്ഥിര വികസനവും അടിസ്ഥാന സൗകര്യങ്ങളും ലക്ഷ്യമിട്ടുള്ള ഒൻപത് മുൻഗണനാ പദ്ധതികളുടെ സമഗ്ര പ്രൊപ്പോസൽ മുഖ്യമന്ത്രിക്ക് കൈമാറി. ഹൈബി ഈഡൻ എംപിയുടെ സാന്നിധ്യത്തിൽ മേയർ അഡ്വ. വി. കെ. മിനിമോളുടെയും വിവിധ സ്റ്റാൻഡിങ് കമ്മിറ്റി ചെയർമാൻമാരുടെയും നഗരസഭ സെക്രട്ടറിയുടെയും നേതൃത്വത്തിലുള്ള പ്രതിനിധി സംഘമാണ് മുഖ്യമന്ത്രിയെ നേരിൽ കണ്ട് നിവേദനം സമർപ്പിച്ചത്. എം.എൽ.എമാരായ ടി. ജെ. വിനോദ്, ഉമ തോമസ്, ടോണി ചമ്മണി, മുഹമ്മദ് ഷിയാസ്, ദീപക് ജോയ് എന്നിവരും സന്നിഹിതരായിരുന്നു.

നഗരം നേരിടുന്ന ഗതാഗതക്കുരുക്ക്, കുടിവെള്ള ക്ഷാമം, മാലിന്യപ്രതിസന്ധി തുടങ്ങിയ അടിസ്ഥാന പ്രശ്നങ്ങൾക്ക് ദീർഘകാല പരിഹാരം കാണുകയാണ് ഈ പദ്ധതികളുടെ പ്രധാന ലക്ഷ്യം. നഗരത്തിലെ യാത്രാ സൗകര്യം മെച്ചപ്പെടുത്തുന്നതിനായുള്ള തമ്മനം -പുല്ലേപ്പടി റോഡ്, പുതിയ പാലം ഉൾപ്പെടുന്ന ഗോശ്രീ-മാമംഗലം റോഡ്, പള്ളുരുത്തി 40 ഫീറ്റ് റോഡ്, അറ്റ്ലാന്റിസ് ആർഒബി, മട്ടാഞ്ചേരി ഹാൾട്ട് ആർഒബി എന്നീ ഗതാഗത വികസന പദ്ധതികൾ ഇതിൽ ഉൾപ്പെടുന്നു. ഇതിനു പുറമെ, പടിഞ്ഞാറൻ കൊച്ചിയുൾപ്പെടെയുള്ള മേഖലകൾക്കായുള്ള 190 എംഎൽഡി കുടിവെള്ള പദ്ധതിയും തമ്മനം ജലസംഭരണിയും, ബ്രഹ്മപുരം കേന്ദ്രീകരിച്ചുള്ള ഇന്റഗ്രേറ്റഡ് വേസ്റ്റ് മാനേജ്മെന്റ് ആൻഡ് വേസ്റ്റ്ടുഎനർജി പദ്ധതി, വെള്ളപ്പൊക്ക പ്രതിരോധത്തിനും പരിസ്ഥിതി സംരക്ഷണത്തിനുമായുള്ള വേമ്പനാട് കായൽ പുനരുജ്ജീവന മിഷൻ, കുറഞ്ഞ നിരക്കിൽ ഭക്ഷണം ലഭ്യമാക്കുന്നതിനുള്ള ഇന്ദിര കാന്റീൻ പദ്ധതി എന്നിവയും ഈ സമഗ്ര പാക്കേജിന്റെ ഭാഗമാണ്. ഈ മുൻഗണനാ പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കുന്നതിന് ആവശ്യമായ ഭൂമിയേറ്റെടുക്കൽ അനുമതികളും, ഒറ്റത്തവണ സാമ്പത്തിക സഹായം ഉൾപ്പെടെയുള്ള സർക്കാരിന്റെ പ്രത്യേക പിന്തുണയും ലഭ്യമാക്കണമെന്ന് സംഘം മുഖ്യമന്ത്രിയോട് അഭ്യർത്ഥിച്ചു.



# രണ്ടാം വിള നെല്ല് സംഭരണം: കർഷക രജിസ്ട്രേഷൻ ജൂൺ 3 വരെ നീട്ടി

**കൊച്ചി:** 2025-26 വർഷത്തിലെ സപ്ലൈകോയുടെ രണ്ടാം വിള നെല്ല് സംഭരണത്തിനായി നിശ്ചിത സമയ പരിധിക്കുള്ളിൽ (2026 മാർച്ച് 31) വിവിധ കാരണങ്ങളാൽ രജിസ്ട്രേഷൻ പൂർത്തിയാക്കാൻ സാധിക്കാതിരുന്ന കർഷകർക്ക് ജൂൺ മൂന്നുവരെ അപേക്ഷിക്കാം. ഭക്ഷ്യ പൊതുവിതരണ വകുപ്പ് മന്ത്രി അനൂപ് ജേക്കബിന്റെ നിർദ്ദേശ പ്രകാരം സംസ്ഥാന സർക്കാർ പ്രത്യേക ഇളവ് അനുവദിച്ചതിനെ തുടർന്നാണ് കർഷക രജിസ്ട്രേഷനുള്ള തീയതി നീട്ടിയത്. രണ്ടാം വിള രജിസ്ട്രേഷൻ പൂർത്തിയാക്കാത്ത കർഷകർ സപ്ലൈകോ പോർട്ടൽ മുഖേന (www.supplycopaddy.in) ജൂൺ മൂന്നിന് മുമ്പ് റജിസ്ട്രേഷൻ പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് സപ്ലൈകോ മാനേജിംഗ് ഡയറക്ടർ അറിയിച്ചു.

# ഒപ്റ്റിക്കൽ അസോസിയേഷൻ: ഭാരവാഹികളെ തെരഞ്ഞെടുത്തു

**കൊച്ചി:** ഓൾ കേരള ഒപ്റ്റിക്കൽ അസോസിയേഷൻ എറണാകുളം ജില്ലാ കമ്മിറ്റി 2026 29 വർഷത്തെ ഭാരവാഹികളെ ത്രൈവാർഷിക സമ്മേളനത്തിൽ തെരഞ്ഞെടുത്തു.

എം യു തങ്കച്ചൻ (പ്രസിഡന്റ്), പോൾ വെട്ടിക്കനാകുടി, ഹാഷിം ടി ജോളി ലോറൻസ് (വൈസ് പ്രസി), അനീസ് എസ് തെരുവത്ത് (ജില്ലാ സെക്ര), സുനിൽ കുമാർ സി കെ, ജാക്സൺ ജേക്കബ്, ജോസ് പോൾ (ജോ സെക്ര), ജോബി ടി സി (ട്രഷ), ടി പി ജോസ് (രക്ഷാ) എന്നിവരാണ് പുതിയ ഭാരവാഹികൾ.


എം.യു തങ്കച്ചൻ


*അനീസ് എസ്*

# എംഎസ്എംഇകളുടെ വളർച്ച എസ്ഐഡിബിഐയുടെ പുതിയ പദ്ധതികൾ ഉദ്ഘാടനം ചെയ്തു

**കൊച്ചി:** എംഎസ്എംഇ മേഖലയ്ക്ക് കൂടുതൽ കരുത്തുപകരാനും വായ്പകൾ സംരംഭകരിലേക്ക് നേരിട്ടെത്തിക്കാനും ലക്ഷ്യമിട്ടുള്ള എസ്ഐഡിബിഐയുടെ പുതിയ പദ്ധതികൾ കേന്ദ്ര ധനമന്ത്രി നിർമ്മല സീതാരാമൻ ഉദ്ഘാടനം ചെയ്തു. എസ്ഐഡിബിഐയുടെ 37ാമത് സ്ഥാപകദിനാഘോഷ ചടങ്ങിലായിരുന്നു പുതിയ പദ്ധതികൾക്ക് തുടക്കം കുറിച്ചത്.

ഗ്രാമീണ മേഖലകളിൽ വായ്പാ ലഭ്യത വർധിപ്പിക്കാൻ റീജിയണൽ റൂറൽ ബാങ്കുകളുമായി സഹകരിച്ചുള്ള 'എസ്ഐഡിബിഐ ആർആർബി കോലെൻഡിങ് പോർട്ടൽ', എംഎസ്എംഇകൾക്ക് യന്ത്രോപകരണങ്ങളും ധനസഹായവും ലഭ്യമാക്കുന്ന 'എസ്ഐഡിബിഐ മാക്ഫിൻ മാർട്ട്' എന്നീ ഡിജിറ്റൽ പ്ലാറ്റ്ഫോമുകളാണ് ചടങ്ങിൽ പുറത്തിറക്കിയത്. അടുത്ത മൂന്ന് വർഷത്തിനുള്ളിൽ പതിനായിരത്തോളം ഗ്രാമീണ ചെറുകിടകുടിൽ വ്യവസായ യൂണിറ്റുകളുടെ മുഖച്ഛായ മാറ്റാൻ ലക്ഷ്യമിട്ടുള്ള 'മോഡേണൈസേഷൻ




ഓഫ് റൂറൽ എന്റർപ്രൈസസ്' പദ്ധതിക്കും തുടക്കം കുറിച്ചു. ഇന്ത്യയുടെ വളർച്ചയിലും കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിലും കയറ്റുമതി വർധിപ്പിക്കുന്നതിലും എംഎസ്എംഇകൾ നിർണായക പങ്കാണ് വഹിക്കുന്നതെന്ന് നിർമ്മല സീതാരാമൻ പറഞ്ഞു. പശ്ചിമേഷ്യയിലെ സംഘർഷങ്ങളെ തുടർന്നുണ്ടായ പ്രതിസന്ധികളിൽ നിന്ന് എംഎസ്എംഇ മേഖലയെ സംരക്ഷിക്കാൻ കേന്ദ്രസർക്കാർ സ്വീകരിച്ച സഹായ നടപടികളും മന്ത്രി വിശദീകരിച്ചു. ഇതിന്റെ ഭാഗമായി നടപ്പാക്കിയ 'എമർജൻസി ക്രെഡിറ്റ് ലൈൻ ഗ്യാരി സ്കീം 5.0' ഉൾപ്പെടെയുള്ള പദ്ധതികൾ സംരംഭകർക്ക് വലിയ ആശ്വാസമായതായും മന്ത്രി ചൂണ്ടിക്കാട്ടി.

ഡിജിറ്റൽ സാങ്കേതികവിദ്യയിലൂടെയും പുതിയ പങ്കാളിത്തങ്ങളിലൂടെയും എംഎസ്എംഇ വായ്പാരംഗത്ത് വിപ്ലവകരമായ മാറ്റങ്ങൾ കൊണ്ടുവരാനുള്ള നിരന്തര ശ്രമങ്ങളുടെ ഭാഗമായാണ് പുതിയ പദ്ധതികൾക്ക് തുടക്കം കുറിച്ചതെന്ന് എസ്ഐഡിബിഐയുടെ ചെയർമാനും മാനേജിങ് ഡയറക്ടറുമായ മനോജ് മിത്തൽ പറഞ്ഞു.

## വർമ്മ ഹൈലൈൻ: തറക്കല്ലിട്ടു




**കൊച്ചി:** വർമ്മ ഹോംസിന്റെ കൊച്ചി നെട്ടൂരിലുള്ള പുതിയ ലക്ഷ്വറി അപ്പാർട്ട്മെന്റ് പ്രൊജക്ട് വർമ്മ ഹൈലൈനിന്റെ തറക്കല്ലിട്ടു. ഡയറക്ടർ ഡോ. മിനി വർമ്മ തറക്കല്ലിടൽ നിർവഹിച്ചു. മാനേജിംഗ് ഡയറക്ടർ കെ അനിൽ വർമ്മ, വൈസ് പ്രസിഡന്റുമാരായ വൈശാഖ് വർമ്മ, ആരതി വർമ്മ, പർച്ചേസ് ഡി ജി എം രേഖ പ്രമോദ്, കസ്റ്റമർ കെയർ മാനേജർ ലക്ഷ്മി ജെ, കസ്റ്റമർ കെയർ സീനിയർ മാനേജർ അഞ്ജലി ഹരീഷ്, സ്ഥലം ഉടമകളായ അരുൺ എസ് രാജ്. അഡ്വ. അനിൽ എസ് രാജ് തുടങ്ങിയവർ പങ്കെടുത്തു.

## കെ എം എ ലീഡർഷിപ്പ് അവാർഡ് സമ്മാനിച്ചു




**കൊച്ചി:** കേരള മാനേജ്മെന്റ് അസോസിയേഷൻ ലീഡർഷിപ്പ് അവാർഡ് നയാര എനർജി ലിമിറ്റഡ് എക്സിക്യൂട്ടീവ് ചെയർമാൻ പ്രസാദ് കെ പണിക്കർക്ക് സമ്മാനിച്ചു. മറൈൻ ഡ്രൈവ് താജ് വിവാന്തയിൽ നടന്ന ചടങ്ങിൽ മുൻ ചീഫ് സെക്രട്ടറി പോൾ ആന്റണി മുഖ്യാതിഥിയും കൊച്ചിൻ ഷിപ്യാർഡ് ലിമിറ്റഡ് മുൻ ചെയർമാനും മാനേജിംഗ് ഡയറക്ടറുമായ മധു എസ് നായർ വിശിഷ്ടാതിഥിയുമായിരുന്നു. കേരള സർക്കാർ മുൻ ചീഫ് സെക്രട്ടറി ടോം ജോസായിരുന്നു ചീഫ് ഓഫ് ദി ജൂറി. പുരസ്കാരത്തിന് പ്രസാദ് കെ പണിക്കർ നന്ദി അറിയിച്ചു. എല്ലാ ലീഡർഷിപ്പ് പുരസ്കാരങ്ങളും ടീം അവാർഡാണെന്നും നിരവധി പേരുടെ പരിശ്രമങ്ങളാണ് ഇത്തരം പുരസ്കാരങ്ങൾക്ക് കാരണമാകുന്നതെന്നും അദ്ദേഹം വ്യക്തമാക്കി. കേരള മാനേജ്മെന്റ് അസോസിയേഷൻ പ്രസിഡന്റ് കെ ഹരികുമാർ അധ്യക്ഷത വഹിച്ചു. കെ എം എ സീനിയർ വൈസ് പ്രസിഡന്റ് അൽജിയേഴ്സ് ഖാലിദ്, കെ എം എ മാനേജ്മെന്റ് ലീഡർഷിപ്പ് അവാർഡ് ചെയർ എ സി കെ നായർ ,കെ എം എ ഹോണററി സെക്രട്ടറി കെ അനിൽ വർമ്മ തുടങ്ങിയവർ പ്രസംഗിച്ചു.

## ജെൻസീ ഷോപ്പർമാർക്കായി എഐ ആപ്പ് പുറത്തിറക്കി

**കൊച്ചി:** ഇന്ത്യയിലെ അടുത്ത 100 ദശലക്ഷം ഷോപ്പർമാരെയും ജെൻ സീ വിഭാഗത്തെയും ലക്ഷ്യമിട്ട് ഫ്ളിപ്കാർട്ടിന്റെ ഹൈപ്പർവാല്യൂ ഇകൊമേഴ്സ് പ്ലാറ്റ്ഫോമായ ഷോപ്സി, പുത്തൻ എഐപവേഡ് ആപ്പ് പുറത്തിറക്കി. വെറുമൊരു ഷോപ്പിംഗ് ആപ്പ് എന്നതിലുപരി, ഗെയിമിഫിക്കേഷനിലൂടെയും ആർട്ടിഫിഷ്യൽ ഇന്റലിജൻസിലൂടെയും ഉപഭോക്താക്കൾക്ക് കൂടുതൽ വ്യക്തിഗതവും വിനോദരീതിവുമായ അനുഭവം നൽകുന്ന രീതിയിലാണ് ഇത് രൂപകൽപ്പന ചെയ്തിരിക്കുന്നതെന്ന് ഫ്ളിപ്കാർട്ടിന്റെ ചീഫ് ടെക്നോളജി ആൻഡ് പ്രൊഡക്റ്റ് ഓഫീസർ ബാലാജി ത്യാഗരാജൻ പറഞ്ഞു.

ഇന്ത്യയിലെ പുതിയ ഓൺലൈൻ ഷോപ്പർമാരുടെ വളർച്ചയുടെ 65 ശതമാനവും ടിയർ 2+ നഗരങ്ങളിൽ നിന്നാണെന്ന യാഥാർത്ഥ്യം ഉൾക്കൊണ്ടാണ് ഈ മാറ്റം. പുതിയ ആപ്പിൽ ഷോപ്പിംഗ് എന്നത് വെറുമൊരു ഇടപാടല്ല, മറിച്ച് വീഡിയോകളിലൂടെയും ഗെയിമുകളിലൂടെയും ഉൽപ്പന്നങ്ങൾ കണ്ടെത്തുന്ന ഒരു അനുഭവമാണ്. എഐ അധിഷ്ഠിത സെർച്ച് സൗകര്യം പ്രാദേശിക ഭാഷാ രീതികളെയും താൽപ്പര്യങ്ങളെയും മനസ്സിലാക്കി ശരിയായ ഉൽപ്പന്നങ്ങൾ ഉപഭോക്താക്കളിലേക്ക് എത്തിക്കുന്നുവെന്നും ബാലാജി ത്യാഗരാജൻ പറഞ്ഞു.

ഉപയോക്താക്കൾക്ക് ഓരോ സന്ദർശനത്തിലും റിവാർഡുകളും സൂപ്പർകോയിനുകളും നേടാൻ കഴിയുന്ന ഗെയിമിഫൈഡ് സംവിധാനം ഷോപ്പിംഗിനെ കൂടുതൽ ആവേശകരമാക്കുന്നു. ചെറുകിട ബിസിനസ് ഉടമകൾക്കും എംഎസ്എംഇ മേഖലയ്ക്കും വലിയ പിന്തുണയാണ് ഷോപ്സി നൽകുന്നത്. ഇതൊരു സീറോ കമ്മീഷൻ പ്ലാറ്റ്ഫോമായതിനാൽ ദശലക്ഷക്കണക്കിന് പ്രാദേശിക നിർമ്മാതാക്കൾക്കും കരകൗശല വിദഗ്ധർക്കും തങ്ങളുടെ ഉൽപ്പന്നങ്ങൾ ലാഭകരമായി വിറ്റഴിക്കാൻ സാധിക്കും. എഐ ടൂളുകൾ വഴി ചെറിയ വിൽപനക്കാർക്കും വലിയ ബ്രാൻഡുകളെപ്പോലെ തങ്ങളുടെ ഉൽപ്പന്നങ്ങൾ കൃത്യമായി ഉപഭോക്താക്കളിലേക്ക് എത്തിക്കാൻ ഈ പുതിയ പ്ലാറ്റ്ഫോമിലൂടെ സാധിക്കുമെന്ന് ഫ്ളിപ്കാർട്ടിലെ ഷോപ്സി സോഫ്റ്റ്ലൈൻസ്, ഗ്രോസറി, മാർക്കറ്റ്പ്ലേസ്, എന്നിവയുടെ സീനിയർ വൈസ് പ്രസിഡന്റ് സകൈത് ചൗധരി അഭിപ്രായപ്പെട്ടു.

## വൺ പോയിന്റ് വണ്ണിന് 35.5 ശതമാനം വരുമാന വളർച്ച

**കൊച്ചി:** വൺപോയിന്റ് വൺ സൊലൂഷൻസ് നാലാം പാദഫലങ്ങൾ പ്രസിദ്ധീകരിച്ചു. 2026 മാർച്ച് 31 ന് അവസാനിച്ച നാലാം പാദത്തിൽ മുൻ പാദത്തെയപേക്ഷിച്ച് 22.7 ശതമാനം വളർച്ചയോടെ കമ്പനിയുടെ വരുമാനം 99.7 കോടി രൂപയായി ഉയർന്നിട്ടുണ്ട്. കഴിഞ്ഞ വർഷത്തെയപേക്ഷിച്ച് 35.5 ശതമാനം വരുമാന വർധനവാണ് രേഖപ്പെടുത്തിയത്. കഴിഞ്ഞ ഒരു വർഷത്തിനിടെ ആഗോള സാന്നിധ്യം ഗണ്യമായി വർധിപ്പിക്കാനും സാങ്കേതിക മേഖലയിൽ കുതിപ്പു സൃഷ്ടിക്കാനും കഴിഞ്ഞതായി വൺ പോയിന്റ് വൺ ചെയർമാനും മാനേജിംഗ് ഡയറക്ടറുമായ അക്ഷയ് ഛബ്ര പറഞ്ഞു.

നാലാം പാദത്തിലാണ് 33.37 മില്യൺ യുഎസ് ഡോളർ മൂല്യമുള്ള നെറ്റ് കോം ബിസിനസ് കോൺടാക്റ്റ് സെന്റർ എസ് എ യുടെ ഏറ്റെടുക്കൽ കമ്പനി പൂർത്തിയാക്കിയത്. ഇതോടെ മധ്യ അമേരിക്ക, ലാറ്റിനമേരിക്ക മേഖലകളിൽ കരയിലും കടലിലും വൺപോയിന്റ് വണിന്റെ പ്രവർത്തനങ്ങൾ കൂടുതൽ വ്യാപകമായി. ഈ കാലയളവിൽ സാങ്കേതിക വിദ്യ, പ്രതിഭാ പരിപോഷണം, ആഗോള വികസനം എന്നീ രംഗങ്ങളിൽ കമ്പനിയുടെ നിക്ഷേപം വർധിച്ചു. പിരാമൽ ഫിനാൻസ് ലിമിറ്റഡുമായി മൂന്നു വർഷത്തേക്കുള്ള 60 കോടി രൂപയുടെ കരാർ നേടാനും കഴിഞ്ഞതായി അദ്ദേഹം പറഞ്ഞു.

# ഇരുഗൂർ ദേവനഗൊന്തി മൾട്ടി പ്രൊഡക്റ്റ് പൈപ്പ്ലൈൻ പദ്ധതി അന്തിമ ഘട്ടത്തിൽ

**കൊച്ചി/ കോയമ്പത്തൂർ:** ഭാരത് പെട്രോളിയം കോർപ്പറേഷൻ ലിമിറ്റഡ് (ബിപിസിഎൽ) തമിഴ്നാട്ടിൽ നടപ്പാക്കുന്ന വൻകിട ഊർജ്ജ ഇൻഫ്രാസ്ട്രക്ചർ പദ്ധതികളുടെ പുരോഗതി കേന്ദ്ര പെട്രോളിയം പ്രകൃതി വാതക, വിനോദസഞ്ചാര വകുപ്പ് സഹമന്ത്രി സുരേഷ് ഗോപിയുടെ അധ്യക്ഷതയിൽ ചേർന്ന ഉന്നതതല യോഗം വിലയിരുത്തി. തമിഴ്നാടിനെയും കർണാടകയെയും ബന്ധിപ്പിച്ച് 1,732 കോടി രൂപ ചെലവിൽ നിർമ്മിക്കുന്ന 'ഇരുഗൂർ ദേവനഗൊന്തി മൾട്ടി പ്രൊഡക്റ്റ് പൈപ്പ്ലൈൻ' പദ്ധതി 82.6 ശതമാനം പൂർത്തിയായതായി മന്ത്രി അറിയിച്ചു. പ്രതിവർഷം 3.5 ദശലക്ഷം മെട്രിക് ടൺ പെട്രോളിയം ഉത്പന്നങ്ങൾ വഹിക്കാൻ ശേഷിയുള്ള പൈപ്പ്ലൈൻ യാഥാർത്ഥ്യമാകുന്നതോടെ പടിഞ്ഞാറൻ തമിഴ്നാട്ടിലും സമീപ പ്രദേശങ്ങളിലും ഇന്ധന വിതരണം കാര്യക്ഷമമാകും. അന്തർ സംസ്ഥാന ഇന്ധന വിതരണം സുരക്ഷിതവും പരിസ്ഥിതി സൗഹാർദപരവുമായി നടപ്പിലാക്കാൻ സാധിക്കുന്ന പദ്ധതിയ്ക്ക് 355 കിലോമീറ്റർ ദൈർഘ്യമാണുള്ളത്. വൻതോതിൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനോടൊപ്പം പ്രദേശത്തെ വ്യവസായസാമ്പത്തിക വളർച്ച ഉറപ്പാക്കാനും പദ്ധതി സഹായകരമാകുമെന്ന് ബിപിസിഎൽ അറിയിച്ചു. ഈറോഡ്, നീലഗിരി ജില്ലകളിലായി 3,685 കോടി രൂപ നിക്ഷേപത്തിൽ പുരോഗമിക്കുന്ന സിറ്റി ഗ്യാസ് വിതരണ (സിജിഡി) പദ്ധതിയുടെ പുരോഗതിയും യോഗം ചർച്ച ചെയ്തു. നിലവിൽ 44.6 ശതമാനം പൂർത്തിയായ പദ്ധതി, ജില്ലകളിലെ ഗാർഹികവ്യാവസായിക മേഖലയ്ക്ക് വലിയ കുതിപ്പേകും. ബിപിസിഎൽ മാർക്കറ്റിംഗ് വിഭാഗം ഡയറക്ടർ ശുഭാങ്കർ സെൻ, തിരുപ്പൂർ ജില്ലാ കളക്ടർ, തമിഴ്നാട് ഇൻഡസ്ട്രിയൽ ഡെവലപ്മെന്റ് കോർപ്പറേഷൻ, നാഷണൽ ഹൈവേ അതോറിറ്റി, സ്റ്റേറ്റ് ഹൈവേ ഡിപ്പാർട്ട്മെന്റ് എന്നിവയിലെ ഉന്നത ഉദ്യോഗസ്ഥരും ബിപിസിഎൽ പ്രതിനിധികളും യോഗത്തിൽ പങ്കെടുത്തു. തമിഴ്നാടിന്റെ വികസനക്കുതിപ്പിന് സഹായകരമാകുന്ന ഊർജ്ജ പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കുമെന്നും ബിപിസിഎൽ അറിയിച്ചു.

# വൻകുടൽ കാൻസർ: സങ്കീർണ ശസ്ത്രക്രിയ വിജയകരം; രോഗിക്ക് പുതുജീവൻ

**ചെങ്ങന്നൂർ:** വൻകുടലിൽ നിന്ന് രണ്ടുതവണ കരളിലേക്ക് പടർന്ന കാൻസറിനെ അതിസങ്കീർണ ശസ്ത്രക്രിയയിലൂടെ വിജയകരമായി നീക്കം ചെയ്ത് ഡോ. കെ.എം. ചെറിയാൻ ഇൻസ്റ്റിറ്റിയൂട്ട് ഓഫ് മെഡിക്കൽ സയൻസസ്), ചെങ്ങന്നൂർ. തിരുവനന്തപുരം സ്വദേശിയായ രോഗിയാണ് ശസ്ത്രക്രിയയ്ക്ക് വിധേയയായത്. ആദ്യഘട്ടത്തിൽ തന്നെ വൻകുടലിലെ കാൻസർ കരളിലേക്ക് വ്യാപിച്ച നിലയിലായിരുന്ന രോഗിക്ക് ശസ്ത്രക്രിയയിലൂടെ കരളിലെ രോഗബാധിത ഭാഗം നീക്കം ചെയ്തിരുന്നു. തുടർന്ന് നടത്തിയ പരിശോധനയിൽ വീണ്ടും കരളിലേക്ക് രോഗവ്യാപനം കണ്ടെത്തിയതോടെ റിപീറ്റ് ലിവർ റിസക്ഷൻ ശസ്ത്രക്രിയ നടത്തിയിരുന്നു. എന്നാൽ രോഗം വീണ്ടും വ്യാപിച്ചതോടെ കീമോ തെറാപ്പിയിലൂടെ മാത്രം നിയന്ത്രണം സാധ്യമാകാത്ത ഗുരുതരാവസ്ഥയിലായിരുന്നു രോഗി. അടിയന്തര ശസ്ത്രക്രിയ മാത്രമാണ് മുന്നിലുള്ള ഏക ചികിത്സാമാർഗമെന്ന സാഹചര്യത്തിലാണ് രോഗിയെ കെ.എം.സി ഹോസ്പിറ്റലലിൽ പ്രവേശിപ്പിച്ചത്. കരളിലെ പ്രധാന രക്തക്കുഴലുകൾക്കിടയിൽ സ്ഥിതിചെയ്തിരുന്ന ട്യൂമർ നീക്കം ചെയ്യുന്നത് ഡോക്ടർമാർക്ക് വലിയ വെല്ലുവിളിയായിരുന്നു. ഇതിനൊപ്പം രോഗിയുടെ രക്തത്തിലെ കൗണ്ട് കുറഞ്ഞ നിലയിലായിരുന്നതിനാൽ ആദ്യം നിശ്ചയിച്ച സമയത്ത് ശസ്ത്രക്രിയ നടത്താൻ സാധിച്ചിരുന്നില്ല. തുടർന്ന് എച്ച്പിബി കൺസൾട്ടന്റ്, ഗ്യാസ്ട്രോഓങ്കോ ആൻഡ് ട്രാൻസ്പ്ലാന്റ് സർജൻ ഡോ. മുരളി അപ്പുക്കുട്ടന്റെ നേതൃത്വത്തിലുള്ള വിദഗ്ധ സംഘത്തിന്റെ സൂക്ഷ്മമായ ആസൂത്രണത്തോടെയും പരിചരണത്തോടെയും നടത്തിയ അതിസങ്കീർണ ശസ്ത്രക്രിയയിലൂടെ ട്യൂമർ പൂർണമായി നീക്കം ചെയ്യാൻ സാധിച്ചു. വൻകുടൽ കാൻസർ രോഗികളിൽ പലർക്കും രോഗം കരളിലേക്ക് പടരാനുള്ള സാധ്യതയുണ്ട്. ആദ്യ ശസ്ത്രക്രിയയ്ക്ക് ശേഷവും രോഗവ്യാപനം വീണ്ടും ഉണ്ടാകാം. എന്നാൽ കൃത്യമായ നിരീക്ഷണവും സമയബന്ധിതമായ ചികിത്സയും ലഭിച്ചാൽ ഇത്തരം സങ്കീർണാവസ്ഥകളിലും മികച്ച ചികിത്സാഫലം നേടാൻ സാധിക്കുമെന്ന് ശസ്ത്രക്രിയയ്ക്ക് നേതൃത്വം നൽകിയ ഡോ. മുരളി അപ്പുക്കുട്ടൻ പറഞ്ഞു.

# ആഗോള എഐ അധിഷ്ഠിത ബിസിനസ് ട്രാൻസ്ഫോർമേഷൻ കരാർ ടിസിഎസിന്



**കൊച്ചി:** നൂതന ബെയറിംഗുകൾ, സീലുകൾ, ലൂബ്രിക്കേഷൻ സിസ്റ്റങ്ങൾ, കണ്ടീഷൻ മോണിറ്ററിംഗ് സൊല്യൂഷനുകൾ എന്നിവയുടെ ആഗോള നിർമ്മാതാക്കളായ എസ്കെഎഫുമായി ടാറ്റ കൺസൾട്ടൻസി സർവീസസ് പങ്കാളിത്തത്തിൽ ഏർപ്പെട്ടു. എസ്കെഎഫിന്റെ ആഗോള പ്രവർത്തനങ്ങളിൽ ഇന്റലിജന്റ് ട്രാൻസ്ഫോർമേഷൻ ത്വരിതപ്പെടുത്തുന്നതിനായാണ് ടിസിഎസുമായുള്ള സഹകരണം. കരാറിന്റെ ഭാഗമായി, ആപ്ലിക്കേഷനുകൾ, അടിസ്ഥാന സൗകര്യങ്ങൾ, ഡേറ്റ, എൻഡ്യൂസർ സേവനങ്ങൾ, സുരക്ഷ, കണക്റ്റിവിറ്റി എന്നിവയിലുടനീളമുള്ള സമ്പൂർണ്ണ മാനേജ്ഡ് സേവനങ്ങൾ എസ്കെഎഫിന് ടിസിഎസ് നൽകും. ഉൽപ്പാദന, ഐടി മേഖലകളിലെ തങ്ങളുടെ ആഴത്തിലുള്ള വൈദഗ്ധ്യവും എഐ അധിഷ്ഠിത വർക്ക്ഫ്ളോകളും സംയോജിപ്പിച്ചുകൊണ്ട്, എസ്കെഎഫിന്റെ ആഗോള സാങ്കേതികവിദ്യാ മേഖലയെ ടിസിഎസ് നവീകരിക്കും. പ്രവർത്തനങ്ങൾ ഏകീകരിക്കാനും ഡൊമെയ്ൻ അധിഷ്ഠിത ടെക്നോളജി ആർക്കിടെക്ചർ ശക്തിപ്പെടുത്താനും അടിസ്ഥാന സൗകര്യങ്ങൾ നവീകരിക്കാനും അടുത്ത തലമുറ എന്റർപ്രൈസ് റിസോഴ്സ് പ്ലാനിംഗ് പ്ലാറ്റ്ഫോമിന്റെ രൂപകൽപ്പനയും സ്വീകാര്യതയും വേഗത്തിലാക്കാനും ഈ കരാർ സഹായിക്കും. വ്യാവസായിക ഉൽപ്പാദനത്തിന്റെ അടുത്ത ദശാബ്ദത്തെ നിർണയിക്കുന്നത്, കമ്പനികൾ തങ്ങളുടെ രൂപകൽപനയിലും ഉൽപ്പാദനത്തിലും സേവനങ്ങളിലും എഐയെ എത്രത്തോളം ആഴത്തിൽ ഉൾപ്പെടുത്തുന്നു എന്നതിനെ അടിസ്ഥാനമാക്കിയായിരിക്കുമെന്ന് എസ്കെഎഫ് സിഇഒ റിക്കാർഡ് ഗുസ്താഫ്സൺ പറഞ്ഞു.

എസ്കെഎഫുമായുള്ള തങ്ങളുടെ പങ്കാളിത്തം അതിന്റെ ആഗോള ഐടി സംവിധാനം നവീകരിക്കുന്നതിലും ഭാവിക്കായി ശക്തവും വിപുലീകരിക്കാവുന്നതുമായ ഒരു ഡിജിറ്റൽ അടിത്തറ നിർമ്മിക്കുന്നതിലും കേന്ദ്രീകരിച്ചുള്ളതാണെന്ന് ടാറ്റ കൺസൾട്ടൻസി സർവീസസ് എംഡിയും സിഇഒയുമായ കെ. കൃതിവാസൻ പറഞ്ഞു.

# യുടിഐ മ്യൂച്വൽ ഫണ്ട് വെൽത്ത് 360 അവതരിപ്പിച്ചു

**കൊച്ചി:** നിക്ഷേപകരുടെ വിവിധ സാമ്പത്തിക വിവരങ്ങൾ സുരക്ഷിതമായി ട്രാക്ക് ചെയ്യുന്നതിനായി യുടിഐ മ്യൂച്വൽ ഫണ്ട് വെൽത്ത് 360 എന്ന പുതിയ ഡിജിറ്റൽ സംവിധാനം അവതരിപ്പിച്ചു. യുടിഐ മ്യൂചൽ ഫണ്ടിന്റെ ആപ്പിലും വെബ്സൈറ്റിലും ലഭ്യമാക്കിയിട്ടുള്ള ഈ ഫീച്ചർ വഴി ഉപഭോക്താക്കൾക്ക് തങ്ങളുടെ സമ്പാദ്യ വിവരങ്ങളെല്ലാം ഏകീകൃത ഡാഷ്ബോർഡിൽ കാണാൻ സാധിക്കും. വിവിധ ഇടങ്ങളിലായുള്ള നിക്ഷേപങ്ങളെ ട്രാക്ക് ചെയ്യുന്നതിലുള്ള ബുദ്ധിമുട്ടുകൾ ലഘൂകരിക്കുകയാണ് ലക്ഷ്യം. സേവിങ്സ് അക്കൗണ്ടുകൾ, സ്ഥിര നിക്ഷേപങ്ങൾ, റെക്കറിങ് ഡിപ്പോസിറ്റുകൾ, മ്യൂചൽ ഫണ്ടുകൾ, ഓഹരികൾ, ഇടിഎഫുകൾ, എൻപിഎസ് തുടങ്ങിയവയുടെ വിവരങ്ങളെല്ലാം വെൽത്ത് 360ൽ ട്രാക്ക് ചെയ്യാമെന്ന് യുടിഐ എഎംസി ഗ്രൂപ്പ് പ്രസിഡന്റും ചീഫ് ഫിനാൻഷ്യൽ ഓഫീസറുമായ വിനയ് ലഖോത്തിയ പറഞ്ഞു.

റിസർവ് ബാങ്കിന് കീഴിലുള്ള അക്കൗണ്ട് അഗ്രിഗേറ്റർ ചട്ടക്കൂടിന്റെ അടിസ്ഥാനത്തിൽ പ്രവർത്തിക്കുന്ന സംവിധാനമായതിനാൽ സുരക്ഷിതവും ഉപഭോക്താവിന്റെ സമ്മതത്തോടെയുമുള്ള ഡാറ്റാ കൈമാറ്റമാണ് ഇതിൽ നടക്കുന്നത്. നിലവിലുള്ള ഉപഭോക്താക്കൾക്കും പുതിയ ഉപഭോക്താക്കൾക്കും യാതൊരു ഫീസും നൽകാതെ ഈ സേവനം തികച്ചും സൗജന്യമായി ഉപയോഗിക്കാം. പാൻ കാർഡ് ഉപയോഗിച്ചുള്ള ലളിതമായ രജിസ്ട്രേഷനിലൂടെയോ നിലവിലെ യുടിഐ ലോഗിൻ വഴിയോ ഈ സേവനം പ്രയോജനപ്പെടുത്താം. ഉപഭോക്താക്കളുടെ സാമ്പത്തിക വിവരങ്ങൾ കൃത്യമായി കാണിക്കുന്നതിനായി എല്ലാ ദിവസവും ഡാഷ്ബോർഡ് അപ്ഡേറ്റ് ചെയ്യുമെന്നും അദ്ദേഹം വ്യക്തമാക്കി.

## സൗജന്യ തൊഴിൽ പരിശീലനം : അപേക്ഷ ക്ഷണിച്ചു

**കൊച്ചി:** കേരള സർക്കാർ സ്ഥാപനമായ അസാപ് കേരളയുടെ കുന്നന്താനം കമ്യൂണിറ്റി സ്കിൽ പാർക്കിൽ പ്ലസ് 2/ഡിഗ്രി യോഗ്യതയുള്ളവർക്കായി ജൂനിയർ ഡേറ്റ അനലിസ്റ്റ് (ഫിനാൻഷ്യൽ) കോഴ്സിലേയ്ക്ക് അപേക്ഷ ക്ഷണിച്ചു. 18നും 40നും മദ്ധ്യേ പ്രായമുള്ളവർക്കാണ് അവസരം. 6 മാസം ദൈർഘ്യമുള്ള കോഴ്സ് വിജയകരമായി പൂർത്തിയാക്കുന്നവർക്ക് 100% പ്ലേസ്മെന്റ് അസിസ്റ്റൻസ് ലഭിക്കുന്നതാണ്. അഡ്മിഷൻ എടുക്കുന്നതിനുള്ള അവസാന തീയതി മെയ് 31. കൂടുതൽ വിവരങ്ങൾക്ക് 9495999688 എന്ന നമ്പറിൽ ബന്ധപ്പെടുക.

## ആർത്തവ കപ്പുകളുടെ ഉൽപ്പാദനശേഷി 50 ലക്ഷമായി ഉയർത്തി എച്ച്എൽഎൽ

**കൊച്ചി / തിരുവനന്തപുരം:** ആർത്തവ കപ്പുകളുടെ വാർഷിക ഉൽപ്പാദന ശേഷി 50 ലക്ഷമായി ഉയർത്തി കേന്ദ്ര ആരോഗ്യകുടുംബക്ഷേമ മന്ത്രാലയത്തിന് കീഴിലുള്ള മിനിരത്ന പൊതുമേഖല സ്ഥാപനമായ എച്ച്എൽഎൽ ലൈഫ്കെയർ ലിമിറ്റഡ് (എച്ച്എൽഎൽ). ഇതിനായി ആക്കുളം ഫാക്ടറിയിലുള്ള ആർത്തവ കപ്പ് നിർമാണ യൂണിറ്റിനെ അത്യാധുനിക രീതിയിൽ നവീകരിച്ച് ഉൽപ്പാദനശേഷി 30 ലക്ഷത്തിലേക്ക് ഉയർത്തി. ഇതോടെയാണ് ആകെ വാർഷിക ഉൽപ്പാദനശേഷി 50 ലക്ഷം എന്ന അഭിമാനകരമായ നേട്ടത്തിലേക്ക് എത്തിയത്. നവീകരിച്ച ഉൽപ്പാദന യൂണിറ്റിന്റെ ഉദ്ഘാടനം കേന്ദ്ര ആരോഗ്യ മന്ത്രാലയ സെക്രട്ടറി പുണ്യ സലില ശ്രീവാസ്തവ നിർവഹിച്ചു. സ്ത്രീകളുടെ ആരോഗ്യ സംരക്ഷണവും പരിസ്ഥിതി സൗഹൃദപരമായ ആർത്തവ ശുചിത്വ രീതികളും പ്രോത്സാഹിപ്പിക്കുന്നതിനൊപ്പം, ദേശീയ മുൻഗണനകൾക്കനുസൃതമായി ആഭ്യന്തര ഉൽപ്പാദന മികവ് ശക്തിപ്പെടുത്തുക കൂടി ലക്ഷ്യമിട്ടാണ് യൂണിറ്റ് നവീകരിച്ചിരിക്കുന്നത്. ഉൽപ്പാദനശേഷി വർധിപ്പിച്ചതോടെ, 2026–27 സാമ്പത്തിക വർഷത്തിൽ രാജ്യത്തുടനീളം കൂടുതൽ ആർത്തവ കപ്പുകൾ വിതരണം ചെയ്യാൻ എച്ച്എൽഎല്ലിന് സാധിക്കും. എച്ച്എൽഎല്ലിന്റെ സിഎസ്ആർ പദ്ധതിയായ 'തിങ്കൾ' വഴിയാണ് ആർത്തവ കപ്പുകൾ സൗജന്യമായി വിതരണം ചെയ്യുക. വിദ്യാഭ്യാസ, ആരോഗ്യ മേഖലകളിൽ എച്ച്എൽഎല്ലിന് കീഴിൽ പ്രവർത്തിക്കുന്ന സ്ഥാപനമായ എച്ച്എൽഎൽ മാനേജ്മെന്റ് അക്കാദമിയാണ് (എച്ച്എംഎ) 'തിങ്കൾ' പദ്ധതി നടപ്പാക്കുന്നത്.

സ്ത്രീകൾക്ക് ആർത്തവാരോഗ്യവും സാമ്പത്തിക ലാഭവും ഉറപ്പാക്കാനും, സാനിറ്ററി നാപ്കിനുകൾ മൂലമുണ്ടാകുന്ന പരിസ്ഥിതി മലിനീകരണത്തിന് ശാശ്വത പരിഹാരം കാണാനുമാണ് പദ്ധതി ലക്ഷ്യമിടുന്നതെന്ന് എച്ച്എംഎ പബ്ലിക് ഹെൽത്ത് പ്രോജക്ട്സ് മാനേജർ ഡോ. കൃഷ്ണ എസ്. എച്ച്. പറഞ്ഞു. പ്രതിവർഷം ലക്ഷക്കണക്കിന് ടൺ സാനിറ്ററി നാപ്കിൻ മാലിന്യങ്ങളാണ് പരിസ്ഥിതിക്ക് വലിയ ഭീഷണിയാകുന്നത്. ഇതിന് തടയിടാൻ പദ്ധതിക്ക് സാധിക്കുമെന്നും അവർ പറഞ്ഞു. കേരളം, തമിഴ്നാട്, കർണാടക, മഹാരാഷ്ട്ര, ഗുജറാത്ത്, ഹരിയാന, ഹിമാചൽ പ്രദേശ്, ഝാർഖണ്ഡ്, തെലങ്കാന എന്നീ സംസ്ഥാനങ്ങളിലും ലക്ഷദ്വീപ്, ആൻഡമാൻ നിക്കോബാർ കേന്ദ്രഭരണ പ്രദേശങ്ങളിലുമായി ഇതിനകം 15 ലക്ഷം 'തിങ്കൾ' കപ്പുകളാണ് എച്ച്എൽഎൽ വിതരണം ചെയ്തത്. ഇതിൽ ഭൂരിഭാഗവും കേരളത്തിലാണ് നൽകിയത്. ഈ വർഷവും വിതരണത്തിൽ മുൻഗണന കേരളത്തിന് തന്നെയായിരിക്കുമെന്ന് ഡോ. കൃഷ്ണ കൂട്ടിച്ചേർത്തു.

സൊസൈറ്റി ടുഡേ
SOCIETY TODAY

# റോയൽ എൻഫീൽഡ് ബുള്ളറ്റ് 650 ഇന്ത്യയിൽ പുറത്തിറക്കി



**കൊച്ചി:** ഐകോണിക് മോട്ടോർസൈക്കിൾ ബ്രാൻഡായ റോയൽ എൻഫീൽഡ് ഇന്ത്യയിൽ പുതിയ ബുള്ളറ്റ് 650 പുറത്തിറക്കി. 3,64,856 രൂപ (എക്സ്ഷോറൂം) വിലയുള്ള ഈ മോഡൽ കാനൺ ബ്ലാക്ക്, ബാറ്റിൽഷിപ്പ് ബ്ലൂ എന്നീ രണ്ട് നിറങ്ങളിൽ ലഭ്യമാണ്. വാഹനത്തിന്റെ വിൽപ്പന ആരംഭിച്ചു. 650 സിസി പാരലൽ ടിൻ എഞ്ചിനും 6സ്പീഡ് ഗിയർബോക്സും ഉൾക്കൊള്ളുന്ന ബുള്ളറ്റ് 650, ക്ലാസിക് ഡിസൈനും ആധുനിക പ്രകടന ശേഷിയും ഒരുമിപ്പിക്കുന്നതാണ്. സിഗ്നേച്ചർ ടിയർഡ്രോപ്പ് ഫ്യൂവൽ ടാങ്ക്, കൈവരയിലുള്ള പിൻ സ്ട്രൈപ്പുകൾ, നേർനിലയിൽ ഇരിക്കുന്ന റൈഡിംഗ് പോസിഷൻ തുടങ്ങിയ ബുള്ളറ്റിന്റെ പാരമ്പര്യ രൂപകൽപ്പന നിലനിർത്തിയിരിക്കുന്ന ഈ മോഡലിൽ എൽഇഡി ലൈറ്റിംഗ്, ഷോവ സസ്പെൻഷൻ, നവീകരിച്ച ഇൻസ്ട്രുമെന്റ് ക്ലസ്റ്റർ തുടങ്ങിയ പ്രീമിയം സവിശേഷതകളും ഉൾപ്പെടുത്തിയിട്ടുണ്ട്.

# ലുലു ഫാഷൻ വീക്ക് പത്താം എഡിഷന് സമാപനം



**കൊച്ചി:** നാല് ദിവസം നീണ്ട ഫാഷൻ ഷോയ്ക്ക് താരപ്രഭയിൽ സമാപനമായി. വിവിധ റീട്ടെയിൽ ബ്രാൻഡുകൾക്കുള്ള പുരസ്കാരദാനവും അരങ്ങേറി.

നാല് ദിവസമായി അരങ്ങേറിയ ഫാഷൻ വേദിയിൽ നടി മോക്ഷ, വിൻസി അലോഷ്യസ്, ഗോപിക രമേഷ്, ആൻസൺ പോൾ, സാധിക വേണുഗോപാൽ, പ്രാച്ചി തെഹൽണ്ടൻ, രാജിവ് പിള്ള, അഭിമന്യു ഷമ്മി തിലകൻ, ഗോവിന്ദ് പത്മസൂര്യ, സുഭ്ര അയ്യപ്പ, ഗോകുൽ ഗണേഷ്, പാരീസ് ലക്ഷ്മി, നടനും മോഡലുമായ ആര്യൻ കദൂര്യ, അരുണിമ ജയൻ, അക്ഷയ് ബാബുരാജ്, ജിബിൻ ജോർജ് തുടങ്ങിയവർ ചുവടുവച്ചു.

അന്താരാഷ്ട്ര ബ്രാൻഡുകൾ അണിനിരന്ന ഈ വർഷത്തെ ലുലു ഫാഷൻ വീക്ക് അവതരിപ്പിച്ചത് ബ്ലാക്ക് ബെറീസ് ആണ്. അമുക്തി, കില്ലർ എക്സ് എന്നിവരാണ് പവേർഡ് ബൈ പാർട്ണേഴ്സ്.

# എയർ ഇന്ത്യ എക്സ്പ്രസിൽ ഓഫർ നിരക്കിൽ എക്സ്പ്രസ് സെയിൽ



**കൊച്ചി:** ആഭ്യന്തര അന്താരാഷ്ട്ര യാത്രകളിൽ 50 ശതമാനം വരെ ഡിസ്ക്കൗണ്ടിൽ 50 ലക്ഷം സീറ്റുകളുമായി എയർ ഇന്ത്യ എക്സ്പ്രസിൽ എക്സ്പ്രസ് സെയിൽ ആരംഭിച്ചു. എക്സ്പ്രസ് ലൈറ്റ്, എക്സ്പ്രസ് വാല്യൂ നിരക്കുകളിലാണ് 50 ശതമാനം വരെ ഇളവ് ലഭിക്കുന്നത്. ജൂൺ 15 മുതൽ ഒക്ടോബർ പത്ത് വരെയുള്ള യാത്രകൾക്കായി മെയ് 31നകം ബുക്ക് ചെയ്യുന്നവർക്കാണ് ഈ ഓഫർ ലഭിക്കുക. ഓഫർ സമയത്ത് എയർ ഇന്ത്യ എക്സ്പ്രസ് വെബ്സൈറ്റിലൂടെയും മൊബൈൽ ആപ്പിലൂടെയും ബുക്ക് ചെയ്യുന്ന ടിക്കറ്റുകൾക്ക് കൺവീനിയൻസ് ഫീ ഈടാക്കില്ല. ബിസിനസ് ക്ലാസിന് തത്തുല്യമായ ബിസ് വിഭാഗത്തിൽ ടിക്കറ്റെടുക്കുന്ന ടാറ്റ ന്യൂപാസ് അംഗങ്ങൾക്ക് 20 ശതമാനം വരെ ഡിസ്ക്കൗണ്ടും എക്സ്പ്രസ് എഹെഡ് മുൻഗണന സേവനങ്ങളും ലഭിക്കും. 300 രൂപ വരെ അധിക ഡിസ്ക്കൗണ്ടും എട്ട് ശതമാനം വരെ ന്യൂ കോയിനുകൾ നേടാനും സാധിക്കും. സീറ്റ്, ഭക്ഷണം, 10 കിലോ അധിക ചെക്ക്ഇൻ ബാഗേജ്, 3 കിലോ അധിക ഹാൻഡ് ബാഗേജ് എന്നിവയ്ക്ക് 30 ശതമാനം വരെ ഡിസ്കൗണ്ടും ലഭിക്കും. വിദ്യാർഥികൾ, മുതിർന്ന പൗരർ, സായുധ സേനാംഗങ്ങൾ, അവരുടെ ആശ്രിതർ എന്നിവർക്കും എയർ ഇന്ത്യ എക്സ്പ്രസ് വെബ്സൈറ്റിലൂടെ പ്രത്യേക നിരക്കിൽ ടിക്കറ്റ് ബുക്ക് ചെയ്യാം. എയർ ഇന്ത്യ എക്സ്പ്രസിന്റെ സുഖപ്രദമായ സീറ്റുകൾ, ഭക്ഷണം, ഇന്ത്യൻ ആതിഥ്യ മര്യാദയിൽ നിന്നും പ്രചോദനം ഉൾക്കൊണ്ടുള്ള മികച്ച സേവനം തുടങ്ങിയവ കാണിക്കുന്ന എക്സ്പ്രസ് വാലി ബാത് ഹെ ക്യാമ്പയിൻ അടുത്തിടെ എയർ ഇന്ത്യ എക്സ്പ്രസ് പുറത്തിറക്കിയിരുന്നു. ബോളിവുഡ് താരം പങ്കജ് ത്രിപാഠി മുഖ്യവേഷത്തിൽ എത്തുന്ന ഈ ക്യാമ്പയിൻ ഇതിനകം 300 മില്യണിലധികം കാഴ്ചക്കാരുമായി മുന്നേറുകയാണ്.




# 'സ്റ്റിംഗ് ക്ലാസിക് കിക്ക്' വിപണിയിൽ

**കൊച്ചി:** എനർജി ഡ്രിങ്ക് ബ്രാൻഡായ സ്റ്റിംഗ് എനർജി, പുതിയ രുചിയിലുള്ള 'സ്റ്റിംഗ് ക്ലാസിക് കിക്ക്' അവതരിപ്പിച്ചു. യുവാക്കളെ ലക്ഷ്യമിട്ട് പുറത്തിറക്കിയ പുതിയ ഫ്ളേവർ വഴി എനർജി പാനീയ വിപണിയിൽ കൂടുതൽ വളർച്ച നേടാനാണ് പെപ്സികോ ഇന്ത്യയുടെ ശ്രമം. ഉത്പ്പന്നത്തിന്റെ പ്രചാരണത്തിനായി സിനിമാതാരം ലക്ഷ്യ അഭിനയിക്കുന്ന പരസ്യചിത്രവും പുറത്തിറക്കി. പുതിയ ഫ്ളേവർ ഉപഭോക്താക്കൾക്ക് വ്യത്യസ്ത രുചി അനുഭവം നൽകുമെന്ന് പെപ്സികോ ഇന്ത്യ എനർജി പോർട്ട്ഫോളിയോ വിഭാഗം അധികൃതർ അറിയിച്ചു. 'സ്റ്റിംഗ് ക്ലാസിക് കിക്ക്' രാജ്യത്തെ റീട്ടെയിൽ ഔട്ട്ലെറ്റുകളിലും പ്രധാന ഇകൊമേഴ്സ് പ്ലാറ്റ്ഫോമുകളിലും ലഭ്യമാകും. 180 മില്ലി കാൻ 30 രൂപക്കും 300 മില്ലി പെറ്റ് ബോട്ടിൽ 20 രൂപക്കും വിപണിയിലെത്തും.